"യുവലോകം" ഗ്രന്ഥാവലി, നമ്പർ 4.

4000

ഇമാല്യട്ടിൻ അഫ്ഗാനിയും രണ്ടു പിൻഗാമികളും.



1. ഇ. കെ. മൌലവി.

2. കെ. സി. കോമുക്കുട്ടി.

ആമിനാ ബുക്ക് ഡി
ക്കുനാമാക്കൽ.

ജമാലുദ്ദീൻ അഫ്ഗാനിയും രണ്ടു പിൻഗാമികളും.

—:o:—

ഗ്രന്ഥകർത്താക്കൾ:—

1. ഇ. കെ. മൌലവി.

2. കെ. സി. കോമുക്കുട്ടി.

YUVALOKAM OFFICE
PALAYAM ROAD,
CALICUT.

പ്രസാധകന്മാർ:—

യുവലോകം പബ്ലിഷിംഗ് കമ്പനി.

—:o:—

1928

1-ാം പതിപ്പ്] [കോപ്പി 1000.

(പകർപ്പവകാശം)

Printed at the Ramakrishna Printing Works,
CALICUT.

Price As. 6] [വില 6-ണ

Rs. 0-5-0.


COLEGIO
SAGRADA FAMILIA
CATUCUT
POJAHUY

പ്രസ്താവന.

സർവ്വദേശ മുസ്‌ലിം സാഹോദര്യത്തെയും, പൌരസ്വരാജ്യങ്ങളുടെ സ്വാതന്ത്ര്യത്തെയും ജീവിതോദ്ദേശ്യമായി സ്വീകരിച്ച അതേ വിഷയത്തിൽ ആത്മാവിനെ ബലികഴിച്ച സയ്യിദ് ജമാലുദ്ദീൻ അഫ്ഗാനിയുടേയും അദ്ദേഹത്തിന്റെ പിൻഗാമികളിൽ പ്രധാനികളായിരുന്ന ശൈഖ് മുഹമ്മദ് അബ്ദു, സഅദ് സഗ്‌ലൂൽപാഷാ എന്നീ മഹാന്മാരുടേയും ജീവിചരിത്രങ്ങളാണ് ഈ ചെറുഗ്രന്ഥത്തിൽ അടങ്ങിയിട്ടുള്ളത്. ആദ്യം പറഞ്ഞ രണ്ടു മഹാന്മാരുടെ ചരിത്രങ്ങൾ ജനാബ് ഇ. കെ. മൌലവിയും, സഅദ് സഗ്‌ലൂൽപാഷായുടെ ചരിത്രം ഞാനും എഴുതിയിട്ടുള്ളതും യുവലോകത്തിന്റെ പല ലക്കങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ടിരുന്നതുമാണ്. ഈ മഹാന്മാരുടെ ജീവിതചരിത്രങ്ങൾ പൌരസ്വ പ്രദേശങ്ങൾക്കാകമാനം ഉത്സാഹജനകങ്ങളാകയാൽ, ജാതിമതഭേദമെന്യേ സർവ്വ കേരളീയരുടേയും സസന്തോഷമായ സ്വാഗതം ഈ പുസ്തകത്തിനു ലഭിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ഇതു വൃത്തിയായച്ചടിച്ചുതന്ന രാമകൃഷ്ണപ്രസ്സുകാരോടു എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

യുവലോകം ആപ്പീസ്,
കോഴിക്കോട്.
27—11—1928.

കെ. സി. കോമുക്കുട്ടി.

ശുദ്ധിപത്രം.

ഭാഗം.	വരി.	അബദ്ധം.	സുബദ്ധം.
2	10	സിയ്യിദ്.	സയ്യിദ്.
3	11-ം 14-ം	,,	,,
20	13	പതിച്ചുരുന്നു.	പതിച്ചിരുന്നു.
26	21	ഏല്പിച്ചിരിക്കുന്നതു്.	ഏല്പിച്ചിരുന്നതു്.
33	12	ജോലിയിലേപ്പ്ട്ട.	ജോലിയിലേപ്പെട്ട.
37	23	വിഷയീഭവിച്ചു.	വിഷയീഭവിപ്പിച്ചു.
37	5	വന്നസംനിയ്യാം.	വന്നസംഗനിയ്യാ
,,	21	ഉത്സാഹിച്ചിരുതു്.	ഉത്സാഹിച്ചിരുന്നതു്.
41	6	അഗ്ലൂർ.	സഗ്ലൂർ.
59	3	സ്വാതന്ത്ര്യത്തിന്നു.	സ്വാതന്ത്ര്യത്തിന്നു.



ജമാലുദ്ദീൻ അഫ്ഗാനീ.

സയ്യിദ് ജമാലുദ്ദീനൽ അഫ്ഗാനി.

ഏതു കാലത്തും, എല്ലാ ജനങ്ങളും ഒരുപോലെ വിദ്വാന്മാരും തത്വജ്ഞാനികളും സമുദായ പരിഷ്ക്കാരികളുമായിരിക്കയില്ല. ഓരോ സമുദായവും, അതിലെ അംഗങ്ങളിൽ ഭൂരിപക്ഷവും മൂഢിയവും പൈശാചികവുമായ ചേഷ്ടകൾക്കടിമപ്പെട്ടു ദുഷിച്ചുപോകുമ്പോൾ ആ ദുരവസ്ഥയിൽ നിന്നു ചില മഹാത്മാക്കൾ മുഖേന ദൈവം അവയെ രക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നു. ഇതു ദൈവത്തിന്റെ ഒരു പ്രകൃതി നിയമമായി നമുക്കു ലോകചരിത്രത്തിൽ നിന്നു പഠിക്കുവാൻ സാധിക്കും. ആ മഹാത്മാക്കൾതന്നെയാണ് സമുദായത്തിലെ സൂര്യന്മാർ. എന്തുകൊണ്ടെന്നാൽ, സൂര്യന്റെ സഹായത്തോടുകൂടി ജനങ്ങൾ തങ്ങളുടെ ജോലികൾ കൃത്യമായി നിർവ്വഹിക്കുന്ന പ്രകാരംതന്നെ അവർക്കു തങ്ങളുടെ ആത്മോൽക്കർഷത്തിനുള്ള മാർഗ്ഗദർശനം ആ മഹാത്മാക്കൾ മുഖേനയാണ് സിദ്ധിക്കുന്നതു്. ജനങ്ങളുടെ ആത്മാക്കൾക്കു പ്രകാശം നൽകുന്നതും, അവർതന്നെയാണ്. അന്ധകാരമയമായി കിടക്കുന്ന ഹൃദയങ്ങളിൽ ജ്ഞാനദീപങ്ങൾ കൊളുത്തി പ്രകാശിതമാക്കിത്തീർക്കുകയും, തൻമൂലം ലോകത്തിനു അത്ഭുതകരമായ അഭിവൃദ്ധിയും ഐശ്വര്യവും ഉണ്ടാക്കുകയും ചെയ്യുന്നതു് ആ മഹാത്മാക്കളാണ്.

മേൽവിവരിച്ച പ്രകാരമുള്ള മഹാത്മാക്കളുടെ ജീവചരിത്രം അറിയുന്നതുകൊണ്ട് അവർ ചരിച്ചിരുന്ന മാർഗ്ഗത്തിൽ കൂടി ചരിക്കുവാനുള്ള ഒരു ശക്തിമത്തായ പ്രേരണ നമ്മുടെ ഹൃദയങ്ങളിൽ ഉദിക്കുന്നതാണ്. മാത്രമല്ല, നമ്മുടെ എല്ലാ പ്രവൃത്തികളിലും ആ മഹാത്മാക്കളെ നമുക്കു മാതൃകയായി സ്വീകരിക്കുവാൻ സാധിക്കുന്നതുമാണ്. ഇങ്ങിനെയുള്ള മഹാത്മാക്കളിൽ ഒരാളാണ് പൌരസ്ത്യ രാജ്യത്തിലെ തത്വജ്ഞാനിയും സമുദായ പരിഷ്കാരിയും സമുദായത്തിനും രാജ്യത്തിനും വേണ്ടി ജീവിച്ചിരുന്ന ധീരാത്മാവുമായ ബഃ സയ്യിദ് ജമാലുദ്ദീനൽ അഫ്ഗാനി. ഈ മഹാനുഭാവന്റെ ശിഷ്യന്മാരിൽ പ്രഥമഗണനീയനാണ് പരേതനായ ശൈഖ് മുഹമ്മദ് അബ്ദഃ. ശൈഖ് മുഹമ്മദ് അബ്ദുയുടെ ശിഷ്യനാണ് നമ്മുടെയെല്ലാം സ്മരണാപഥത്തിൽ സ്ഥിതി ചെയ്യുന്ന മഹാനും, പൌരസ്ത്യരാഷ്ട്രത്തിൽ വിസ്മയജനകമായ പരിവർത്തനമുണ്ടാക്കീട്ടുള്ള ദേഹവും, ഇയ്യിടെ അന്തരിച്ചുപോയ ആളുമായ ബഃ സഅദ് ചാഷാ സഗ്ലൂൽ. ചരിത്രകാരന്മാർ ഈ മൂന്നു മഹാന്മാരേ ഗ്രീക്കിലെ തത്വജ്ഞാനികളായ സോക്രട്ടീസ്, പ്ലേറോ, അരിസ്റ്റോട്ടൽ എന്നീ മഹാന്മാരോടു സാമ്യപ്പെത്തിയിട്ടുണ്ട്. എങ്ങിനെയെന്നാൽ, സോക്രട്ടീസ് പ്ലേറോവിന്റെ ഗുരുവും, പ്ലേറോ അരിസ്റ്റോട്ടലിന്റെ ഗുരുവുമാണ്. അപ്പോൾ സോക്രട്ടീസിനെ സയ്യിദ് ജമാലുദ്ദീനൽ അഫ്ഗാനിയോടും, പ്ലേറോവിനെ ശൈഖ് മുഹമ്മദ് അബ്ദുയോടും, അരിസ്റ്റോട്ടലിനെ

സഗ്ലൂൽ പാഷയോടും സാമ്യപ്പെട്ടത്താം. ഈ സാമ്യപ്പെടുത്തലിൽ മറെറാരു വലിയ രഹസ്യവുംകൂടി അന്തർലീനമായിക്കിടക്കുന്നുണ്ട്. സോക്രട്ടീസ് വലിയൊരു തത്വജ്ഞാനിയായിരുന്നുവെങ്കിലും, അദ്ദേഹം ഗ്രന്ഥങ്ങളൊന്നും രചിച്ചിരുന്നില്ല. അദ്ദേഹം കൊടുത്ത ഉപദേശങ്ങളെ മനഃപാഠമാക്കിയവരായ അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ് പിന്നീട് ഗ്രന്ഥങ്ങൾ എഴുതിയിരുന്നത്. അതേപ്രകാരം തന്നെ നമ്മുടെ കഥാനായകനും അധികം ഗ്രന്ഥങ്ങൾ എഴുതിയിട്ടില്ല. അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ് ഗ്രന്ഥങ്ങൾ എഴുതിയത്.

സിയ്യിദ് ജമാലുദ്ദീനൽ അഫ്ഗാനി 1839-ൽ അഫ്ഗാനിസ്ഥാനിലെ കാബൂൾ സംസ്ഥാനത്തിൽപ്പെട്ട അസ്അദാബാദിൽ ജാതനായി. ഇദ്ദേഹത്തിന്റെ പിതാവ്, സിയ്യിദ് സഫ്ത്തർ ആയിരുന്നു. ഈ കുടുംബം മുഹദ്ദിസായിരുന്ന സയ്യിദ് അലിയ്യുത്തിർമദിയുടെ സന്താനപരമ്പരയിൽ പെട്ടതാണ്. നാലാംഖലീഫയായഅലിയ്യുബ്നു അബിതാലിബിന്റെ പുത്രനായ ഇമാംഹുസൈന്റെ മക്കളിൽപ്പെട്ട ആളാണ് നമ്മുടെ കഥാനായകൻ. ഈ മഹാന്റെ കുടുംബത്തിനു അഫ്ഗാൻകാരുടെ ഇടയിൽ വലിയ സ്ഥാനവും പദവിയുമുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ, ഇവർ റസൂൽ തിരുമേനിയുടെ സന്താനങ്ങളിൽപ്പെട്ടവരാണ്. റസൂലിന്റെ സന്താനങ്ങളെ അഫ്ഗാൻകാർ വളരെ മാനിച്ചിരുന്നു. ജമാലുദ്ദീന്റെ കുടുംബക്കാർക്കു അഫ്ഗാനിസ്ഥാനിൽ കുറെ ഭൂസ്വത്തുണ്ടാ

ഖാൻ കൈവശം വെച്ചിരുന്ന ഹൂറാത്ത് രാജ്യം കീഴടക്കുവാനായി തന്റെ സൈന്യങ്ങളോടുകൂടി പുറപ്പെട്ട അവസരത്തിൽ ജമാലുദ്ദീനെയും കൂടെ കൊണ്ടുപോയിരുന്നു. ഈ യുദ്ധം നടന്നുകൊണ്ടിരുന്ന കാലം മുഴുവനും ജമാലുദ്ദീൻ അമീറൊന്നിച്ചു തന്നെയായിരുന്നു. യുദ്ധമധ്യേ അമീർ കാലഗതിയടഞ്ഞു. അനന്തരം വളരെ പ്രയാസപ്പെട്ടിട്ടെങ്കിലും ജമാലുദ്ദീൻ രാജ്യം കീഴടക്കി. പിന്നീട് അഫ്ഗാൻ ഭരണാധികാരിയായിത്തീർന്നത് അമീർ ഷേർ അലീഖാനായിരുന്നു. ഇദ്ദേഹത്തിന്റെ സ്ഥാനാരോഹണം ക്രിസ്താബ്ദം 1864-ൽ ആണുണ്ടായത്. ഷേർ അലീഖാന്റെ മന്ത്രിയായിരുന്ന മുഹമ്മദ് റഫീഖ് ഖാൻ അദ്ദേഹത്തോട് ഇങ്ങിനെ ഉപദേശിച്ചു. "അവിടന്നു അങ്ങയുടെ സഹോദരന്മാരെ ഉടനെ ബന്ധിക്കണം. അല്ലാതിരുന്നാൽ അങ്ങേക്ക് എതിരായി അവർ പ്രചാരവേല ചെയ്കയും, രാജ്യം കൈവശപ്പെടുത്തുകയും അങ്ങേക്ക് പല ഉപദ്രവങ്ങളും സഹിക്കേണ്ടിവരികയും ചെയ്യും" ഹൂറാത്ത് യുദ്ധത്തിൽ ജയിച്ച സൈന്യത്തിൽ ഷേർഅലീഖാന്റെ മൂന്നുസഹോദരന്മാരുണ്ടായിരുന്നു. അവരിൽ ഒരാൾ അമീർ മുഹമ്മദ് അഅ്സമും, മറെറാരാൾ മുഹമ്മദ് അസ്ലമും, മൂന്നാമത്തെ ആൾ മുഹമ്മദ് അമീനുമായിരുന്നു. സംസ്ഥാനഭരണകർത്താക്കളായിരുന്ന ഇവർ മൂന്നാളുകളേയും ബന്ധിക്കുവാൻ ഷേർ അലീഖാൻ കല്പനകൊടുത്തു. ഈ ഘട്ടത്തിൽ മുഹമ്മദ് അഅ്സമിനു ജമാലുദ്ദീനിൽ നിന്നു പല സഹാ

യങ്ങളും ലഭിച്ചിരുന്നു. ഇവർ മൂന്നാളെയും ബന്ധിക്കുവാനായി അമീർ കല്പന കൊടുത്തിട്ടുണ്ടെന്നുള്ള വിവരം ഇവർക്കു കിട്ടിയപ്പോൾ മൂന്നാളുകളും സ്ഥലം മാറുകയും തങ്ങളുടെ പിതാവ് തങ്ങൾക്ക് നല്കിയിരുന്ന സംസ്ഥാനങ്ങളിൽ ചെന്നു അഭയം പ്രാപിക്കുകയും ചെയ്തു.

അനന്തരം അന്തഃഛിദ്രം ആവിർഭവിച്ചു. യുദ്ധാഗ്നി കത്തിയെരിഞ്ഞുകൊണ്ടേയിരുന്നു. പല ഭയങ്കര സംഭവങ്ങളും നടന്നു. അവസാനം അമീർമുഹമ്മദ് അഅ്സമും, സഹോദരപുത്രൻ അബ്ദുർറഹ്മാനും വിജയികളായി. രാജധാനിയെ അവർ കൈവശപ്പെടുത്തി. അബ്ദുർറഹ്മാന്റെ പിതാവ് ഈ അവസരത്തിൽ ഗസ്നായിലെ ജയിലിലായിരുന്നു. അദ്ദേഹത്തെ അവർ രണ്ടാളുകളും കൂടി മോചിപ്പിച്ചു. അദ്ദേഹത്തിന്റെ പേർ അമീർ മുഹമ്മദ് അഹ്സൽ എന്നാണ്. അമീർ മുഹമ്മദ് അഹ്സലിനെ ഇരുപേരുംകൂടി സ്ഥാനാരോഹണം ചെയ്യിച്ചു. എന്നാൽ അധികം താമസിയാതെ, എന്നുവെച്ചാൽ ഒരു വർഷത്തിനുശേഷം അമീർ മുഹമ്മദ് അഹ്സൽ പരലോകം പ്രാപിച്ചു. തദനന്തരം അദ്ദേഹത്തിന്റെ സഹോദരനും ഷേർ അലിഖാനെ ജയിച്ച ആളുമായ മുഹമ്മദ് അഅ്സം തന്നെ അഫ്ഗാനിൽ അമീറായി. അമീർ മുഹമ്മദ് അഅ്സംഖാന്റെ ശക്തി അഫ്ഖാനിൽ എല്ലായിടത്തും വ്യാപിച്ചു. നമ്മുടെ കഥാനായകനാകട്ടെ, അമീറിന്റെ ഔത്തമിത്രമാ

യിരുന്നു. സയ്യിദ് ജമാലുദ്ദീൻ അഫ്ഗാനിയെ, അമീർ പ്രധാനമന്ത്രിയായി നിയമിച്ചു. ചെറുതും വലുതുമായ ഏതുകാര്യവും അഫ്ഗാനിയോടാലോചിച്ചിട്ടല്ലാതെ അമീർ നടത്തിയിരുന്നില്ല. ഇങ്ങിനെ അമീറിന്റെ എല്ലാ പ്രവൃത്തികളും ജമാലുദ്ദീന്റെ അഭിപ്രായമനുസരിച്ചായിത്തീർന്നു. കാര്യം ഇങ്ങിനെ നടന്നുകൊണ്ടിരുന്നതിനിടയിൽ പെട്ടെന്നൊരു പരിവർത്തനമുണ്ടായി.

ഇക്കാലത്തു ഖന്ധാർരാജ്യം ശേർഅലീഖാന്റെ കൈവശമായിരുന്നു. അമീറിനു അവിവേകിയായ ഒരു പുത്രനുണ്ടായിരുന്നു. അയാൾ തന്റെ ധീരതയാൽ വഞ്ചിതനായി ഖന്ധാർ കൈവശപ്പെടുത്തി പിതാവിന്റെ തൃപ്തി സമ്പാദിച്ചുകളയാമെന്നുള്ള ഉദ്ദേശത്തോടുകൂടി പിതൃവ്യൻ ഷേർ അലീഖാന്റെ നേരെ യുദ്ധത്തിനു പുറപ്പെട്ടു. അദ്ദേഹം യുദ്ധത്തിൽ അപരിചിതനായിരുന്നതിനാൽ തോറ്റുപോയി. ശേർഅലീഖാന്റെ പട്ടാളത്തിലെ സർദാറായിരുന്ന യഅ്ഖൂബ് ഖാൻ, അമീറിന്റെ പുത്രനെ ഇരുന്നൂറു പട്ടാളക്കാരോടുകൂടി ബന്ധനസ്ഥനാക്കി. ഈ വിജയത്തോടുകൂടി ശേർ അലീഖാന്റെ ശക്തി ഒന്നുകൂടി വർദ്ധിച്ചു. എന്നാൽ അമീർ തിരുമനസ്സുകൊണ്ടു, സ്വപുത്രൻ ബന്ധസ്ഥനായതിനാൽ സഹോദരനോടു യുദ്ധംചെയ്യുവാൻ തന്നെ പുറപ്പെട്ടു. പക്ഷേ ഫലം മറിച്ചാണുണ്ടായതു്. അമീർ തിരുമനസ്സുകൊണ്ടു സ്വരാജ്യം വിട്ടുപോകേണ്ടിവന്നു. അദ്ദേഹം കുറച്ചുകാലം ഇറാനിൽ (പേർഷ്യയിൽ) പോയി താമസിച്ചു. മൂന്നുമാസത്തിനുശേഷം

നൈസാംബൂരിൽവെച്ചു അദ്ദേഹം കാലഗതിയടഞ്ഞു. സിയ്യിദ് ജമാലുദ്ദീനാകട്ടെ, കാബൂലിൽ തന്നെ താമസിച്ചു. അദ്ദേഹത്തിനു ഉപദ്രവങ്ങളൊന്നുംതന്നെ ഉണ്ടായില്ല. ജമാലുദ്ദീൻ ഓടിപ്പോയ അമീർ മുഹമ്മദ് അഅ്സമിന്റെ പ്രഥമ മന്ത്രിയായിരുന്നിട്ടുപോലും ഗവമ്മേണ്ട് അദ്ദേഹത്തിനു ഉപദ്രവങ്ങളൊന്നും ഏല്പിക്കാതിരുന്നതു് അദ്ദേഹം സിയ്യിദ് കുടുംബത്തിൽപ്പെട്ട ആളും റസൂൽ തിരുമേനിയുമായി ബന്ധമുള്ള ദേഹവും ആയതുകൊണ്ടു അദ്ദേഹത്തെ ഉപദ്രവിക്കുന്ന പക്ഷം, ജനങ്ങൾ ഒരു പക്ഷെ പുതിയ അമീറിനോടു എതിർത്തേക്കുമെന്നു ഭയപ്പെട്ടതുകൊണ്ടായിരുന്നു. എന്നാൽ ഈ കാരണം പരസ്യമായ ദ്രോഹത്തെ തടയുവാൻ മാത്രമേ പര്യാപ്തമായുള്ളൂ. രഹസ്യമായി വല്ലപ്രകാരത്തിലും ഗവമ്മേണ്ട് തന്നെ ഉപദ്രവിച്ചേക്കുമെന്നുള്ള ഭയം മൂലം ജമാലുദ്ദീൻ രാജ്യം വിടുവാൻ തീർച്ചയാക്കി. ഹജ്ജുയാത്രക്കായി അദ്ദേഹം അമീറോടു സമ്മതം ചോദിച്ചപ്പോൾ പോകുന്നതിനു വിരോധമില്ലെന്നും, എന്നാൽ ഈറാനിൽ കൂടി പോകാതെ ഇന്ത്യവഴിക്കു പോകേണമെന്നും അമീർ കല്പിച്ചു. അന്നു മുഹമ്മദ് അഅ്സം ജീവനോടുകൂടി ഈറാനിലുണ്ടായിരുന്നതാണു് ഈ കല്പനയ്ക്കു കാരണമായതെന്നു പറയേണ്ടതില്ലല്ലൊ. ഈറാനിൽ കൂടി പോകുന്നപക്ഷം ജമാലുദ്ദീനും, മുഹമ്മദ് അഅ്സമുംകൂടി വല്ല സ്വകാര്യ ആലോചനയും നടത്തി തന്നെറനേരെ പുറപ്പെട്ടേക്കുമെന്നു അമീർ ഭയപ്പെട്ടിരുന്നു. അമീറിന്റെ ആജ്ഞാനുസരണം ജമാലുദ്ദീൻ ഇന്ത്യയിലേ

ക്കു പുറപ്പെട്ട ഇന്ത്യയുടെ അതൃത്തി കടന്നപ്പോൾ ഇന്ത്യാ ഗവമ്മേണ്ട് വളരെ ആഘോഷപൂർവ്വം അദ്ദേഹത്തെ സ്വീകരിക്കുകയും മാനിക്കുകയും ചെയ്തു. പക്ഷെ ഇന്ത്യയിലെ ഉലമാക്കളുമായി കൂടിക്കാഴ്ച നടത്തുവാനോ അധികകാലം ഇന്ത്യയിൽ താമസിക്കുവാനോ ഇന്ത്യാഗവമ്മേണ്ട് അനുമതി നല്കിയില്ല. ഷേർ അലിഖാനും, അങ്ങ് സമും തമ്മിൽ യുദ്ധം നടന്ന കാലത്തു പണംകൊണ്ടും മറ്റു പല പ്രകാരത്തിലും ഷേർ ആലിഖാനെ ഇംഗ്ലീഷുകാർ സഹായിച്ചിട്ടുണ്ട്. ആ യുദ്ധത്തിൽ ജമാലുദ്ദീന്റെ കക്ഷിക്കാണല്ലൊ പരാജയമുണ്ടായതു്. തൻമൂലം ഇന്ത്യയിൽ ജമാലുദ്ദീൻ വല്ല കുഴപ്പങ്ങളും ഉണ്ടാക്കുമോ എന്നു ഭയപ്പെട്ടതുകൊണ്ടാണ് ഇന്ത്യാഗവമ്മേണ്ട് അദ്ദേഹത്തെ ഇന്ത്യയിൽ താമസിക്കുവാനും മറ്റും അനുവദിക്കാതിരുന്നതു്. ഒരു മാസം ഇന്ത്യയിൽ താമസിച്ചതിനുശേഷം ജമാലുദ്ദീൻ ഈജിപ്തിലെക്ക് കപ്പൽ കയറി. അദ്ദേഹം സുയൈസിൽചെന്നിറങ്ങി ആ വഴിക്കു ഈജിപ്തിലേക്കുപോയി. 40 ദിവസം അദ്ദേഹം അവിടെത്തന്നെ കഴിച്ചുകൂട്ടി. ഇക്കാലത്തിനിടയിൽ അദ്ദേഹം "ജാമിഉൽഅസ്ഹർ" എന്ന അവിടുത്തെ പ്രസിദ്ധ സർവ്വകലാശാലയിൽ പോകുകയും അവിടെയുണ്ടായിരുന്ന ഗ്രന്ഥകാരന്മാരും വിദ്യാർത്ഥികളുമായി പല വിഷയങ്ങളെക്കുറിച്ചു വാദപ്രതിവാദം നടത്തുകയും ചിലർക്കു ചില വിഷയങ്ങൾ പഠിപ്പിക്കുകയുംചെയ്തിരുന്നു. അവിടെയുണ്ടായിരുന്ന പല വിദ്യാർത്ഥികളും ജമാലുദ്ദീന്റെ ആഗമനത്തെ തങ്ങളുടെ മഹാ ഭാഗ്യമായി ഗ

ണിച്ചു, അദ്ദേഹത്തിന്റെ പക്കൽനിന്നു കായ്മമായ പല അറിവുകളും സമ്പാദിച്ചു.

ഇവിടെ രണ്ടു വാക്കു പ്രത്യേകം പറയേണ്ടതുണ്ട്. ജമാലുദ്ദീന്റെ മേല്പറഞ്ഞ യാത്രയെ ആസ്പദമാക്കി അദ്ദേഹം ഒരു പിഴച്ച വിശ്വാസക്കാരനായിത്തുകൊണ്ടു അദ്ദേഹത്തെ കാബൂൽ അമീർ രാജ്യം കടത്തികളഞ്ഞുവെന്നു ചില സുന്നീവേഷധാരികളും പറഞ്ഞു നടക്കാറുണ്ട്. ഇവരുടെ പ്രസ്താവന അടിസ്ഥാനരഹിതമാണെന്നും, ആ മഹാത്മാവിന്റെ ഈ യാത്രക്കുണ്ടായ ശരിയായ കാരണം ഇന്നതാണെന്നും മുൻപറഞ്ഞ രാഷ്ട്രീയസംഭവം മൂലം വ്യക്തമായല്ലൊ. ഈ യാത്രയ്ക്കുള്ള കാരണത്തെ ഞാൻ ഉദ്ധരിച്ചിട്ടുള്ളതു് ബഃമുഹമ്മദ് അബ്ദുൽ ഫത്താഹ്, മൌലാ യാസഫർ അലീഖാൻ, എന്നീ മഹാന്മാരും, ഈജിപ്തിൽനിന്നു പുറപ്പെടുന്ന അൽഹിലാൽമാസികയുടെ പത്രാധിപരും എഴുതീട്ടുള്ള ലേഖനങ്ങളിൽനിന്നാണ്.

സയ്യിദ് ജമാലുദ്ദീനുൽ അഫ്ഗാനി തന്റെ ഹജ്ജിന്നായുള്ള യാത്ര നിത്തിവെച്ചു ഈജിപ്തിൽനിന്നു കൺസ്റ്റാന്റിനോപ്പളിലേക്കു തിരിച്ചു. അവിടെ എത്തി അല്പദിവസം കഴിഞ്ഞപ്പോഴേക്കു അവിടത്തെ പ്രധാനമന്ത്രി അലീപാഷാ അദ്ദേഹത്തിന്റെ അറിവും യോഗ്യതയും കേട്ടറിഞ്ഞു അദ്ദേഹത്തെ ആദരപൂർവ്വം സ്വീകരിച്ചു. ജമാലുദ്ദീൻ കൺസ്റ്റാന്റനോപ്പളിൽ താമസിച്ചിരുന്ന കാലത്തും, തന്റെ സ്വദേശമായ അഫ്ഗാനിലെ വേഷവും

ചിഹ്നവും തന്നെയാണ് കൈമുക്കാണ്ടിരുന്നതു്. എന്നു വെച്ചാൽ ജുബ്ബയും തലപ്പാവും മേൽത്തട്ടവുമാണദ്ദേഹം ധരിച്ചിരുന്നതു്.

കൺസ്റ്റാണ്ടനോപ്പിളിൽ എത്തിയിട്ടു അധികദിവസം കഴിയുന്നതിലിടക്കു അദ്ദേഹത്തിന്റെ പേർ സുപ്രസിദ്ധപ്പെട്ടു. ശാസ്ത്രങ്ങളിലും കലകളിലും അദ്ദേഹത്തിനുണ്ടായിരുന്ന അനന്യസാധാരണമായ നൈപുണ്യത്തെ ജനങ്ങൾ മനസ്സിലാക്കി. പണ്ഡിതപാമര വ്യത്യാസമെന്യേ നാലാളുകൾ കൂടുന്ന ഇടങ്ങളിലെല്ലാം ജമാലുദ്ദീന്റെ സ്തുതി കേൾക്കാറായി. ജമാലുദ്ദീന്റെ സ്വദേശം അവരുടെ സ്വദേശമല്ല; അദ്ദേഹത്തിന്റെ വേഷം അവരുടെ വേഷമല്ല; അദ്ദേഹത്തിന്റെ ഭാഷ അവരുടെ ഭാഷയല്ല; അദ്ദേഹത്തിന്റെ സമ്പ്രദായം അവരുടെ സമ്പ്രദായം പോലെയല്ല. കാര്യം ഇങ്ങിനെയൊക്കെയായിരുന്നുവെങ്കിലും, അദ്ദേഹത്തെ എല്ലാവരും ഒരുപോലെ ബഹുമാനിച്ചു. ഇതിൽനിന്നു നാം മനസ്സിലാക്കേണ്ടതു് യോഗ്യതക്കു ജാതിയില്ലെന്നല്ലേ? ഗ്രീക്കുകാർ സോക്രട്ടീസിനെപ്പറ്റി അഭിമാനിക്കുന്നുണ്ടെങ്കിൽ, പൌരസ്ത്യരായ നമുക്കു ജമാലുദ്ദീനെപ്പറ്റി എന്തുകൊണ്ടഭിമാനിച്ചുകൂടാ!

ജമാലുദ്ദീൻ കൺസ്റ്റാണ്ടനോപ്പളിൽ എത്തി ആറുമാസത്തിനുശേഷം തുർക്കി ഗവർമ്മെണ്ടു് അദ്ദേഹത്തെ അവിടത്തെ വിദ്യാഭ്യാസ ബോർഡിൽ ഒരംഗമായി നിയമിച്ചു. അതുവഴിയായി തുർക്കിരാജ്യത്തിനു പല ശുശ്രൂഷകളും ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചു. വിദ്യാഭ്യാസ

പ്രചരണത്തിനും വ്യാപിക്കും അത്യാവശ്യമായ നിർദ്ദേശങ്ങളടങ്ങിയ ഒരു സ്മീം അദ്ദേഹം തെയ്യാറാക്കി ഗവർമ്മേണ്ടിനു സമർപ്പിച്ചു. പ്രസ്തുതസ്മീമിനു അവിടത്തെ ശൈഖുൽ ഇസ്ലാം വിരോധിയായിരുന്നു.

അവിടത്തെ ഉസ്മാനിയാ സർവ്വകലാശാലയിലെ പ്രിൻസിപ്പാളായ തഹ്സീൻ അഫന്തി സർവ്വകലാശാലാ വിദ്യാർത്ഥികൾക്കു വേണ്ടി ഒരു പ്രസംഗം ചെയ്യുകൊട്ടക്കേണമെന്നു ജമാലുദ്ദീനോടാവശ്യപ്പെട്ടു. ആദ്യം അദ്ദേഹം വിസമ്മതം പ്രദർശിപ്പിച്ചു. തനിക്കു തുർക്കിഭാഷയിൽ നല്ല പാണ്ഡിത്യം സിദ്ധിച്ചിട്ടില്ലാത്ത സ്ഥിതിക്കു ഒരു പ്രസംഗം ചെയ്യുകയെന്നുള്ളതു് വളരെ പ്രയാസമാണെന്നായിരുന്നു അദ്ദേഹത്തിന്റെ മറുവടി. പക്ഷെ തഹ്സീൻ അഫന്തിയുടെ നിർബ്ബന്ധം മൂലം അദ്ദേഹം സമ്മതിക്കുകതന്നെ ചെയ്തു.

ജമാലുദ്ദീൻ വളരെ വേഗത്തിൽ ഒരു പ്രസംഗം എഴുതിയുണ്ടാക്കി അതു തുർക്കിയിലെ പല മഹാന്മാരെയും കാണിച്ചു. എല്ലാവരും അതു വളരെ നന്നായിട്ടുണ്ടെന്നു അഭിപ്രായപ്പെട്ടു. നിശ്ചിത സമയത്തിനു മുമ്പുതന്നെ പല യോഗ്യന്മാരും പ്രസംഗസ്ഥലത്തു് എത്തിച്ചേർന്നു. എല്ലാവരും അത്യൽക്കണ്ഠയോടെ പ്രസംഗത്തെ പ്രതീക്ഷിച്ചുകൊണ്ടേയിരുന്നു. ജമാലുദ്ദീൻ പ്രസംഗപീഠത്തിൽ ആഗതനായി പ്രസംഗമാരംഭിച്ചു. ആ മധുരമേറിയ പ്രസംഗം ആബാലവൃദ്ധം ജനങ്ങളുടെയും ഹൃദയങ്ങളെ ഹഠാലാകർഷിച്ചു. അതോടുകൂടി ജമാലുദ്ദീന്റെ പേരു

സഹസ്രമടങ്ങ് വർദ്ധിച്ചു. എന്നാൽ ചില ശൈഖന്മാർക്ക് ജമാലുദ്ദീന്റെ ചില അഭിപ്രായങ്ങൾ അത്ര പറഞ്ഞിയില്ല. അവർ പ്രസംഗത്തെക്കുറിച്ചു ശൈഖുൽ ഇസ്ലാമിനോട് ആക്ഷേപം പറഞ്ഞു. അദ്ദേഹം ജമാലുദ്ദീനെ കൺസ്റ്റാണ്ട്നോപ്പളിൽ താമസിപ്പിക്കരുതെന്നു തുർക്കി ഗവർമ്മേണ്ടിനോട് അപേക്ഷിച്ചു.

ജമാലുദ്ദീന്റെ ഈ പ്രസംഗത്തോടുകൂടി അദ്ദേഹത്തിന്റെ പദവി സഹസ്രമടങ്ങ് വർദ്ധിച്ചുവെന്നു പ്രസ്താവിച്ചുവല്ലൊ. എന്നാൽ അദ്ദേഹത്തിന്റെ പദവി ശൈഖുൽ ഇസ്ലാമിനെയും മറ്റുള്ള ശൈഖന്മാരെയും അസൂയാലുക്കളും ശത്രുക്കളുമാക്കിത്തീർത്തുവെന്നതു് ഇന്നത്തെ സ്ഥിതിഗതികളും അറിയുന്നവർക്കു അത്ഭുതമായിത്തോന്നാനിടയില്ല. എന്തുകൊണ്ടെന്നാൽ, ഇല്ലാത്ത പദവി നടിച്ച ഗവർമ്മേണ്ടിന്റെയും ധനവാന്മാരുടേയും പ്രീതി സമ്പാദിച്ചു ജീവിക്കുന്ന ഒരു തരക്കാർ ഇന്നും ഇന്നലേയും ഉത്ഭവിച്ചിട്ടുള്ളതല്ല. വിശുദ്ധ ഖുർആൻ തുർക്കിഭാഷയിൽ തർജ്ജമചെയ്യുകൊടുക്കേണമെന്നും അതിൽ പറഞ്ഞിട്ടുള്ള സംഗതികളും തങ്ങൾക്കു മനസ്സിലാക്കേണമെന്നും തുർക്കിയിലെ പൊതുജനങ്ങളും ആവശ്യപ്പെട്ടപ്പോൾ, ഖുർആൻ മറ്റുഭാഷയിലേക്ക് ഭാഷാന്തരം ചെയ്യുവാൻ പാടില്ലെന്നു "ഫത്ത്വാ" ചെയ്തു തുർക്കിയിലെ ശൈഖുൽ ഇസ്ലാം പ്രഭൃതികളും തന്നെയായിരുന്നുവെങ്കിൽ, ആ ശൈഖുൽ ഇസ്ലാമും സഖാക്കളും ജമാലുദ്ദീനെ കൺസ്റ്റാണ്ട്നോപ്പിളിൽ നിന്നു ഓടിക്കുവാൻ ശ്രമിച്ചതിൽ അത്ഭുതമെ

ന്തുള്ളൂ? ജമാലുദ്ദീൻ തന്റെ പ്രസംഗത്തിൽ നാഗരികത എന്ത്, അംഗഭംഗം നേരിടാത്തതും ജീവനും ചലനശക്തിയുമുള്ളതുമായ ഒരു ശരീരത്തോട് സാമ്യപ്പെടുത്തിക്കൊണ്ട് താഴെ പറയും പ്രകാരം പ്രസംഗിച്ചു:—

"നാഗരികതപമാകുന്ന ശരീരത്തിലെ അവയവങ്ങൾ വിവിധ വ്യവസായങ്ങളും തൊഴിലുകളുമാണ്. ആ ശരീരത്തിലെ തലച്ചോറ് രാജാവായും, കൈ ഇരുമ്പുപേലക്കാരനായും, കരൾ കഷ്കനായും, കാലു കപ്പലോട്ടക്കാരനായും ഇങ്ങിനെ ഓരോ അവയവം ഓരോവിധ തൊഴിലുകാരനായും പരിഗണിക്കപ്പെടേണ്ടതാണ്. എന്നാൽ മനുഷ്യസമുദായമാകുന്ന ഈ ശരീരം ആത്മാവില്ലാതെ ജീവിച്ചിരിക്കയില്ല. മനുഷ്യ സമുദായമാകുന്ന ശരീരത്തിന്റെ ആത്മാവ് പ്രവാചകതപമോ, തതപശാസ്ത്രമോ (ഫിലോസഫി) ആകുന്നു. പക്ഷെ ഇവ രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. പ്രവാചകതപം ദൈവദത്തമാണ്; പരിശ്രമ ഫലമല്ല. ദൈവം അതു ആക്ക് നല്ലേണമെന്നിച്ഛിക്കുന്നുവോ അവക്കു നല്ലും. തതപജ്ഞാനം പരിശ്രമംകൊണ്ടു സിദ്ധിക്കുന്നതാണ്. ഇവ രണ്ടും തമ്മിൽ വേറെയും വ്യത്യാസമുണ്ട്. പ്രവാചകനിൽ നിന്നു യാതൊരു പിഴവും ഉണ്ടാവുകയില്ല. നേരെ മറിച്ചു, തതപജ്ഞാനി പിഴച്ചുപോയെന്നു വരാം."

മേലുദ്ധരിച്ച വാചകങ്ങളിൽ നിന്നും ജമാലുദ്ദീൻ നബുവ്വത്തിനെ വാദിക്കുന്ന ആളാണെന്നു ശൈഖുൽ ഇസ്ലാം ഹസൻ ഫഹ്മി അഫന്തി വ്യാഖ്യാനിച്ചു. അതി

നെ പല പ്രകാരത്തിലും ജമാലുദ്ദീൻ രേഖാമൂലം ഖണ്ഡിച്ചുവെങ്കിലും, വഴക്കു വഷ്ടിച്ചുതന്നെ വന്നു. അവസാനം അവിടുത്തെ താമസം തന്നെ സുഖപ്രദമല്ലാതായി.

അല്പദിവസം ജമാലുദ്ദീൻ കൺസ്റ്റാണ്ടനോപ്പിളിൽ തന്നെ താമസിക്കണമെന്നു തുർക്കി ഗവർമ്മേണ്ടാവശ്യപ്പെട്ടു. അവിടുത്തെ കുഴപ്പത്തിനു സ്വല്പം ശാന്തതവന്നാൽ അങ്ങോട്ടുതന്നെ മടങ്ങുന്നതിനു വിരോധമില്ലെന്നും ഗവർമ്മേണ്ട് അദ്ദേഹത്തെ അറിയിച്ചു. അങ്ങിനെ അദ്ദേഹം അവിടെനിന്നു ഈജിപ്തിലേക്ക് തന്നെ പുറപ്പെട്ടു. 1871 മാർച്ച് മാസം 22-ാംനു- അദ്ദേഹം വീണ്ടും ഈജിപ്തിൽ എത്തിച്ചേർന്നു. തന്റെ ഈജിപ്തിലേക്കുള്ള ഈവരവിൽ അവിടെ എന്തെങ്കിലും ജോലി ചെയ്യേണമെന്നു അദ്ദേഹം ഉദ്ദേശിച്ചിരുന്നില്ല. അവിടുത്തെ അത്ഭുതകരങ്ങളായ കാഴ്ചകൾ കണ്ടുകൊണ്ടു കുറച്ചുകാലം മാത്രം അവിടെ വിശ്രമിക്കണമെന്നായിരുന്നു ജമാലുദ്ദീന്റെ ഉദ്ദേശം. എന്നാൽ അദ്ദേഹത്തിനു റിയാസ് പാഷയുമായി ഒരു കൂടിക്കാഴ്ച നടത്തുവാൻ അവസരം ലഭിച്ചതിന്റെ ഫലമായി റിയാസ് പാഷാ അദ്ദേഹത്തിനു ഈജിപ്ഷ്യൻ ഗവർമ്മേണ്ടിൽ നിന്നു ആയിരം പൗർശ് (ഏകദേശം $156\frac{1}{4}$ക) വീതം മാസംപ്രതി ചെലവിലേക്കു കൊടുക്കുവാൻ പാസ്സാക്കിച്ചു. ഈ സംഖ്യ യാതൊരു വിധത്തിലുള്ള ജോലിക്കും പ്രതിഫലമായി നിശ്ചയിച്ചിരുന്നതല്ല. ജമാലുദ്ദീന്റെ ഈ താമസത്തെ അവിടുത്തെ ചില വിദ്യാർത്ഥികൾ നല്ല ഒരവസരമായിക്കരുതി. പല വിദ്യാർത്ഥികളും അദ്ദേഹത്തെ ചെ

നകണ്ട പല അറിവുകളും മനസ്സിലാക്കിത്തുടങ്ങി. അവരെയെല്ലാം അദ്ദേഹം സസന്തോഷം സ്വീകരിച്ചു. അദ്ദേഹത്തിന്റെ സ്വീകരണത്തിൽ ആരും വ്യത്യാസമോ തരഭേദമോ ഉണ്ടായിരുന്നില്ല. അദ്ദേഹം നല്ല അറബിഭാഷയിൽ തന്നെയാണ് സംസാരിച്ചിരുന്നതു്. തന്റെ അടുക്കൽ വരുന്നവരുടെ ബുദ്ധിക്കും സ്ഥിതിക്കുമനുസരിച്ചു അദ്ദേഹം സംസാരിച്ചിരുന്നു. എന്നുവെച്ചാൽ സാധാരണ പൊതുജനങ്ങൾ സംസാരിക്കുന്ന ഭാഷ മാത്രം അറിയുന്ന ഒരാൾ വന്നാൽ അവനോടു ആ ഭാഷയിൽ സംസാരിക്കും. തന്നെ സന്ദർശിക്കുന്നവരുമായി ഉപകാരപ്രദമായ വിഷയങ്ങളെപ്പറ്റിയല്ലാതെ അദ്ദേഹം സംസാരിച്ചിരുന്നില്ല. സന്ദർശകന്മാർ ഇറങ്ങിപ്പോകുമ്പോൾ കുറച്ചു ദൂരംവരെ അവരുടെ പിന്നാലെ നടന്നു ബഹുമാനത്തോടുകൂടി പിരിയുകപതിവായിരുന്നു. ആരോടു സംസാരിക്കുന്നതായാലും അതു സന്ദർഭോചിതമായ നിലയിൽ ശ്രദ്ധേയങ്ങളായ വിഷയങ്ങളെക്കുറിച്ചായിരിക്കും. നല്ല സദുപദേശങ്ങളുടങ്ങിയതും ബുദ്ധിമാന്മാക്ക് ചിന്തനീയങ്ങളുമായ വിഷയങ്ങളെ ശ്രോതാക്കൾക്കു പ്രദാനം ചെയ്യിട്ടല്ലാതെ ഒരവസരത്തേയും അദ്ദേഹം പാഴാക്കിക്കളയാറില്ല. അദ്ദേഹം സ്ഥിരനിഷ്ഠയും, പരാശ്രയ വിരക്തിയുമുള്ള ആളായിരുന്നു. കൊലസ്സുവേണ്ടി നിരത്തപ്പെട്ടാൽ പോലും, യാതൊരു വിധത്തിലുള്ള ചലനവും തോന്നാത്തവിധം അത്ര സ്ഥൈര്യവാനും, ഇഹലോക ജീവിതംകൊണ്ടോ, അതിലെ സുഖാനുഭവങ്ങളെക്കൊണ്ടോ വഞ്ചിതനായിട്ടില്ലാത്ത ധീരനു

മായിരുന്ന അദ്ദേഹം. പുറകെ തനിക്കു ദാരിദ്ര്യം ബാധിച്ചേക്കുമെന്നു കരുതിയെ, വല്ല ആവശ്യവും നേരിട്ടേക്കുമെന്നു വിചാരിച്ചോ യാതൊന്നും അദ്ദേഹം സൂക്ഷിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ കൈവശം യാതൊന്നുമുണ്ടായിരുന്നില്ല. ഇക്കാലത്തു പേഷ്വാൻ ഗവർമ്മേണ്ടിന്റെ പ്രതിനിധിയും, പേഷ്വായിലെ ചില വലിയ കച്ചവടക്കാരും കൂടി കുറെ പണം സമ്മാനിച്ചുകൊണ്ടു അദ്ദേഹത്തിനു വല്ല ആവശ്യവും നേരിട്ടാൽ ആ പണം ചെലവു ചെയ്യേണമെന്നു അദ്ദേഹത്തോടു അപേക്ഷിച്ചു. എന്നാൽ അദ്ദേഹം അവരുടെ ഔദാര്യത്തിനു നന്ദി പറയുകയും, സംഖ്യ അവർക്കു തന്നെ മടക്കിക്കൊടുക്കുകയും ചെയ്തുകൊണ്ടു ഇങ്ങിനെ പറഞ്ഞു. "ആ ധനം നിങ്ങൾ തന്നെ സൂക്ഷിക്കുക. നിങ്ങൾ അതിനു അധികം ആവശ്യമുള്ളവരാണ്. പുലിയുടെ ഇര അതു പോകുന്നേടത്തൊക്കെ ഉണ്ടായിരിക്കും." എത്ര ബുദ്ധിമുട്ടുകളേയും സഹിക്കുന്നതിൽ അദ്ദേഹത്തിന്റെ ധൈര്യം ഒന്നു വേറെത്തന്നെയായിരുന്നു. ബുദ്ധിമുട്ടുകൾ നേരിട്ടുന്ന ഘട്ടത്തിൽ അദ്ദേഹത്തിന്റെ ഹൃദയം ഇടിഞ്ഞിപ്പോയിരുന്നില്ല. ഒരു സൃഷ്ടിയുടെ നേരേയും അദ്ദേഹം കൈ നീട്ടാറില്ല. ഏതൊരാളോടു സംസാരിക്കുന്നതായാലും അയാളെ ഉത്സാഹിയും പരിശ്രമശീലനുമാക്കിത്തീർക്കുവാൻ പര്യാപ്തമായ ഉപദേശങ്ങൾ നൽകുകയെന്നതു അദ്ദേഹത്തിന്റെ ഒരു പ്രത്യേക ഗുണമായിരുന്നു. ഒരാളുമായി സംസാരിക്കുമ്പോൾ അയാൾ ശ്രദ്ധ പതിച്ചു കേൾക്കുന്നുണ്ടെന്നു മനസ്സിലായാൽ അയാൾ ഒരു പണ്ഡിതനാണെന്നും, പിന്നീട് അയാൾ

കരുത്തുസാഹിയായിത്തീരുമെന്നും പറഞ്ഞുകൊണ്ടു അയാളെ വിട്ടയക്കും. ശ്രദ്ധിച്ചു കേൾക്കുന്നവരെ അധികം ഉപദേശിക്കേണ്ടതില്ലെന്നായിരുന്നു ജമാലുദ്ദീന്റെ അഭിപ്രായം.

ഈജിപ്തിലെ ഈ താമസത്തിന്നിടയിൽ പല വിദ്യാർത്ഥികളും അദ്ദേഹത്തിന്റെ അടുക്കൽവന്നു കൂടി കുറെ ദർസ് നടത്തേണമെന്നു അദ്ദേഹത്തോടു ആവശ്യപ്പെട്ടു. ദൈവവിശ്വാസം, തർക്കശാസ്ത്രം, പ്രകൃതിശാസ്ത്രം, തസവ്വുഫ്, ഉസൂലുൽ ഫിഖ്ഹ് മുതലായി പല ശാസ്ത്രങ്ങളിലുമുള്ള കിതാബുകളും അദ്ദേഹം വായിച്ചുകൊടുത്തു. അതോടുകൂടി വിദ്യാർത്ഥികൾക്കു അദ്ദേഹത്തിന്റെ മേലുള്ള ബഹുമാനം നാൾക്കുനാൾ വർദ്ധിച്ചുവന്നു. നിരവധി അമൂല്യരത്നങ്ങളും അദ്ദേഹത്തിൽനിന്നു അവർ കരസ്ഥമാക്കി. അദ്ദേഹത്തിന്റെ പേർ മിസ്രിലെങ്ങും വ്യാപിച്ചു. അദ്ദേഹത്തെ പുകഴ്ത്തുന്ന നാവുകൾ ദിനേന്നിനം വർദ്ധിച്ചുവന്നു. പിന്നീട് ജമാലുദ്ദീന്റെ പരിശ്രമം ജനങ്ങളിൽ കടന്നുകൂടിയിട്ടുള്ള അന്ധവിശ്വാസങ്ങളേയും, ഊഹാപോഹങ്ങളേയും നശിപ്പിച്ചു അവരുടെ ഹൃദയങ്ങളെ പ്രകാശമയമാക്കിത്തീർക്കുന്നതിലായിരുന്നു. അതിലേക്കു ജനഹൃദയങ്ങൾ ഹാലാകർഷിക്കപ്പെട്ടു. അവരുടെ ചിന്തകൾ തെളിഞ്ഞു. അനന്തരം ജമാലുദ്ദീൻ തന്റെ ശിഷ്യന്മാരെ ലേഖനമെഴുത്തിലേക്കും ഗ്രന്ഥ രചനയിലേക്കും പ്രേരിപ്പിച്ചു തുടങ്ങി. അതിന്നുള്ള രീതികളെ അദ്ദേഹം വിദ്യാർത്ഥികളെ പരിശീലിപ്പിച്ചുവന്നു. തൽഫലമായി അവരെല്ലാം യോഗ്യന്മാരായ എഴുത്തുകാരായിത്തീർന്നു.

ഈജിപ്തിൽ ജമാലുദ്ദീന്റെ ശിഷ്യന്മാരെ ജയിക്കുന്ന ഒരു എഴുത്തുകാരനും, അന്നുണ്ടായിരുന്നില്ല. ഇന്നു ഈജിപ്തിലെ ഏതു എഴുത്തുകാരെക്കുറിച്ചാലോചിക്കുന്നതായാലും, അവർ ജമാലുദ്ദീന്റെ ശിഷ്യന്മാരോ, ശിഷ്യന്മാരുടെ ശിഷ്യന്മാരോ, അല്ലെങ്കിൽ അവരുടെ രീതിയെ സ്വീകരിക്കുന്നവരോ ആണെന്നു നമുക്കു അറിവാൻ കഴിയും. ഇതു തന്നെയാണ് അദ്ദേഹത്തിനു അസൂയാലുക്കൾ ഉണ്ടായിത്തീരുവാനും അവർ അദ്ദേഹത്തെ ആക്ഷേപിക്കുവാനുമുണ്ടായ കാരണം. എന്നാൽ അസൂയാലുക്കളുടെ അസൂയയോ, ആക്ഷേപക്കാരുടെ ആക്ഷേപമോ അദ്ദേഹത്തെ അല്പമെങ്കിലും നിരാശനാക്കിയില്ല. ജമാലുദ്ദീന്റെ ചിന്ത വിദ്യാഭ്യാസ വിഷയത്തിൽ മാത്രമല്ല പതിഞ്ഞിരുന്നതു; രാഷ്ട്രീയ വിഷയത്തിലും അദ്ദേഹം ദൃഷ്ടി പതിച്ചിരുന്നു. ഈജിപ്തിന്റെ താല്കാലിക സ്ഥിതിയെപ്പറ്റിയും ഐദേശിക കയ്യേറ്റം മൂലം അതിനു സംഭവിച്ചിട്ടുള്ള വിപത്തിനെപ്പറ്റിയും അദ്ദേഹം നല്ലവണ്ണം ചിന്തിച്ചു. അതിന്റെ സ്ഥിതിക്കു ഒരു മാറ്റം വരുത്താതെ നിവൃത്തിയില്ലെന്നു അദ്ദേഹം മനസ്സിലാക്കി. ജമാലുദ്ദീൻ "മൊസ്സനിയ്യ" സംഘത്തിൽ ക്രമംഗമായി ചേർന്നു. അതോടുകൂടി ഈജിപ്തിലെ മറ്റു നേതാക്കന്മാരോടൊപ്പം ജമാലുദ്ദീനും ഒരു സ്ഥാനം ലഭിച്ചു. പിന്നിട് അദ്ദേഹം ഒരു ദേശീയ സംഘം സ്ഥാപിച്ചു. അതിൽ തന്റെ ശിഷ്യന്മാരെ അംഗങ്ങളാക്കിച്ചേർത്തു. ഉദ്ദേശം അതിൽ 300 അംഗങ്ങൾ ചേർന്നു. ഇതെല്ലാം നോക്കിക്കൊണ്ടുകൊണ്ടിരുന്ന ബ്രിട്ടീഷ്

പ്രതിനിധിക്കു വലിയ ഭയം ജനിച്ചു. തന്മൂലം ജമാലുദ്ദീനെറയും, സഖാക്കളുടേയും പ്രവൃത്തികളെ സൂക്ഷിച്ചു കൊണ്ടിരിക്കുമാനായി ചാരന്മാർ നിയമിതരായി. ചാരന്മാർ ഗവർമ്മേണ്ടിനെ വിവരം അറിയിച്ചുകൊണ്ടേയിരുന്നു. തന്മൂലം ഈജിപ്തിൽ പല കുഴപ്പങ്ങളും ഉണ്ടായിച്ചു. അവസാനം അന്നത്തെ ഖുദൈവായ തൌഫീഖ് പാഷാ ജമാലുദ്ദീനെ പുറത്താക്കുവാൻ കല്പന കൊടുത്തു. ജമാലുദ്ദീനും തനെറ ശിഷ്യൻ അബ്ദുഹുറാബും കൂടി ഇന്ത്യയിലേക്കു പുറപ്പെട്ടു ഹൈദരാബാദിൽ (ദക്കനി) വന്നു താമസമുറപ്പിച്ചു. അവിടെവെച്ചാണ് അദ്ദേഹം പേർഷ്യൻ ഭാഷയിൽ "നാസ്തിക മതഖണ്ഡന" മെഴുതിയതു്. പിന്നിട് അതിനെ അൽമർഹും ശൈഖ് മുഹമ്മദ് അബ്ദു അറബിയിലേക്കു ഭാഷാന്തരംചെയ്തു. ഈജിപ്തിൽ രാഷ്ട്രീയ പ്രക്ഷോഭം അധികമായ കാലത്ത് സയ്യിദ് ജമാലുദ്ദീനൽ അഫ്ഗാനി, ഹൈദരാബാദിലായിരുന്നു. ഈജിപ്ഷ്യൻ യുവാക്കൾ, അന്നത്തെ ഖുദൈവിന്റെ താന്തോന്നിത്വം മൂലം അദ്ദേഹത്തെ നേർവഴിയിൽ കൊണ്ടുവരാനും, ബ്രിട്ടിഷ്കാർ അവിടെ അധികാരം സ്ഥാപിക്കാതിരിക്കാനും വേണ്ടി നടത്തിയിരുന്ന 'ഉറാബിയ്യാ' വിപ്ലവം ആരംഭിക്കുന്നതിനു മുമ്പു അദ്ദേഹത്തെ ഇന്ത്യാഗവർമ്മേണ്ട് കല്ക്കത്തയിലേക്കു വിളിച്ചുവരുത്തി. ഈ കലഹത്തിൽ യുവാക്കളുടെ പക്ഷം ജമാലുദ്ദീനെറ കയ്യുണ്ടെന്നു കാണുകയാലാണ് ഇന്ത്യാഗവർമ്മേണ്ട് അദ്ദേഹത്തെ കല്ക്കത്തായിൽ കൊണ്ടുപോയി താമസിപ്പിച്ചതെന്നു പറ

യേണ്ടതില്ലല്ലൊ. ഈജിപ്തിൽ പൂർണ്ണ സമാധാനം ഉണ്ടാ
യശേഷം, ഇഷ്ടമുള്ള സ്ഥലത്തേക്ക് പോകുന്നതിനു വി
രോധമില്ലെന്നു ഇന്ത്യാഗവമ്മേണ്ടു് ജമാലുദ്ദീനെ അറിയി
ച്ചു. അദ്ദേഹം യൂറോപ്പിലേക്കാണു് തിരിച്ചതു്. ആദ്യം ല
ണ്ടനിൽ കുറച്ചുകാലം താമസിച്ചു. പിന്നെ പാരീസിലേ
ക്കുപോയി. മൂന്നു വർഷക്കാലം അവിടെ താമസിച്ചു. പാ
രീസിൽവെച്ചു തന്റെ ആത്മമിത്രവും, പ്രധാന ശിഷ്യനു
മായ ശൈഖ് മുഹമ്മദ് അബ്ദുയുമായി കണ്ടു. ശൈഖുമാ
യി അദ്ദേഹം 1871-ൽ കയറോവിൽവെച്ചാണു് കണ്ടാമ
തായി പരിചയിച്ചിരുന്നതു്. 1882-ലെ ഇറാബീ വിപ്ല
വത്തിൽ പങ്കെടുത്തുവെന്നു കുറ്റം ചുമത്തി ഈജിപ്തു് ഗ
വമ്മേണ്ടു് ശൈഖിനോടു് രാജ്യംവിടുവാൻ കല്പിച്ചതു നിമി
ത്തമാണു് അദ്ദേഹം പാരീസിൽചെന്നതു്. അവിടെനിന്നു
സർവ്വദേശ ഇസ്ലാമൈക്യത്തെ പുരസ്കരിച്ചു ഒരു പത്രം
പുറപ്പെടുവിക്കുവാൻ ഇരുപേരും കൂടി ആലോചിച്ചുറച്ചു.
അന്നു ഈജിപ്തിൽ "അൽഉർവത്തുൽ വുസ്ഖാ" എന്നു
പേരിൽ ഒരു ദേശീയ സംഘമുണ്ടായിരുന്നു. അവർ അ
പേർ തന്നെ ഈ പത്രത്തിനും കൊടുത്തു. അതിന്റെ
അധിപനായി ശൈഖ് മുഹമ്മദ് അബ്ദുയെ നിശ്ചയി
ച്ചു. അറബിഭാഷയിലാണു് അതു നടത്തപ്പെട്ടതു്. "അൽ
ഉർവത്തുൽവുസ്ഖാ"ക്കു ഇസ്ലാം ലോകത്തു വലിയ
സ്വീകരണമുണ്ടായി. അതിന്റെ നയം ബ്രിട്ടീഷ് ഗവ
മ്മേണ്ടിനു പ്രതികൂലമായിരുന്നതിനാൽ അതിന്റെ പതി
നെട്ടു ലക്കങ്ങൾ പുറപ്പെട്ടപ്പോഴേക്കും അതു ഇന്ത്യയിൽ

കടത്തിക്കുടെന്നുള്ള നിരോധന കല്പന പുറപ്പെട്ടു. മാത്രമല്ല, അതിന്റെ നടത്തിപ്പിനെ തടയാനായി പലപ്രകാരത്തിലും ബ്രിട്ടീഷ് ഗവമ്മേണ്ടു് ശ്രമിച്ചു. ഒടുവിൽ അയു നിത്തിക്കളയുന്നതിനു പ്രവർത്തകന്മാർ നിർബ്ബന്ധിതരായി.

സയ്യിദ് ജമാലുദ്ദീൻ മൂന്നു വർഷക്കാലം പാരീസിൽ താമസിച്ചതിന്നിടയിൽ അദ്ദേഹം ഫ്രഞ്ചു ഭാഷ പഠിച്ചു, അവിടത്തെ പത്രങ്ങളിൽ രാഷ്ട്രീയ വിഷയത്തെപ്പറ്റി പല ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തി. അവയിൽ മിക്കതും റഷ്യ, ബ്രിട്ടീഷ്, തുർക്കി, ഈജിപ്ത് എന്നി ഗവമ്മേണ്ടുകളെ സ്പർശിക്കുന്നവയായിരുന്നു. അധിക ലേഖനങ്ങളേയും ബ്രിട്ടീഷ് പത്രങ്ങൾ തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയിരുന്നതു പ്രത്യേകം പ്രസ്താവ്യമാണു്. ഇക്കാലത്തുതന്നെ ഫ്രഞ്ചിലെ ഒരു വലിയ തത്വജ്ഞാനിയായ റൈനാൾഡുമായി 'ഇസ്ലാമതവും സൈൻസും' എന്ന വിഷയത്തെപ്പറ്റി അദ്ദേഹം ശക്തിമത്തായ ഒരു വാദപ്രതിവാദം നടത്തി. പ്രസ്തുത വാദപ്രതിവാദ ഫലമായി ജമാലുദ്ദീന്റെ പാണ്ഡിത്യത്തെപ്പറ്റി റൈനാൾഡ് വളരെ സ്തുതിച്ചു പറഞ്ഞിട്ടുണ്ടു്. അനന്തരം അദ്ദേഹം ലണ്ടനിലേക്കു തന്നെ പുറപ്പെട്ടു. ഈ പുറപ്പാടു് ലാർഡ് ചർച്ചിൽ, ലാർഡ് സാൽസ്ബറി എന്നി മാന്യന്മാരുടെ ആവശ്യപ്രകാരമായിരുന്നു. ഈ മഹാന്മാർ അദ്ദേഹവുമായി സംഭാഷണം നടത്തി പല രാഷ്ട്രീയ കാര്യങ്ങളും ഗ്രഹിക്കുകയുണ്ടായി.

പിന്നീട് നജ്ദിലേക്കു പോകേണമെന്നായിരുന്നു ജമാലുദ്ദീന്റെ ഉദ്ദേശം. എന്നാൽ പേഷ്വായിലെ ഷാഹ് നാസിറുദ്ദീൻ അദ്ദേഹത്തെ സബഹുമാനം സ്വീകരിച്ചു സ്വാഗതംചെയ്കയും, സ്തുതിക്കുകയും ചെയ്തു. ആദ്യമായി ജമാലുദ്ദീൻ അവിടെ യുദ്ധമന്ത്രിയായി നിയമിക്കപ്പെട്ടു. അനന്തരം താമസം വിനാ അദ്ദേഹത്തിന്നു പ്രഥമമന്ത്രി സ്ഥാനം ലഭിച്ചു. മന്ത്രി പഥത്തിൽ ഇരുന്നുകൊണ്ടു അദ്ദേഹം പലവിധത്തിലുള്ള അറിവുകളും ഗവർമ്മേണ്ടുകളുടെ ചരിത്രവും, മറ്റും ജനങ്ങളെ പഠിപ്പിക്കുവാൻ തുടങ്ങി. പേഷ്വായിലെ ഉലമാക്കളുടേയും, ഉമറാഇന്റെയും കൂട്ടുകെട്ടിൽ മുമ്പാക്കും ലഭിക്കാത്ത സ്ഥാനം അദ്ദേഹത്തിന്നു ലഭിച്ചു. അദ്ദേഹത്തിന്റെ ആഫീസ്സ് എപ്പോഴും ഒരു മഹാ സഭസ്സായിരുന്നു. നാട്ടിലെ പ്രമാണികളും നേതാക്കന്മാരും അദ്ദേഹത്തിന്റെ സഭസ്സിൽ വന്നുകൂടുകയും അദ്ദേഹത്തിന്റെ വിജ്ഞാനപ്രഭങ്ങളായ വർത്തമാനം കേൾക്കുകയും ചെയ്യുക പതിവായിരുന്നു. ഇതെല്ലാം കണ്ടു ജമാലുദ്ദീന്റെ നേരേ ഷാഹിന്നു ചില സംശയങ്ങൾ ജനിച്ചു. തന്റെ രാജധാനിക്കു തന്നെ ഹാനി തട്ടിയേക്കുമോ എന്നായിരുന്നു നാസിറുദ്ദീന്റെ സംശയം. ഈ സംഗതി ജമാലുദ്ദീന്നു മനസ്സിലായപ്പോൾ ആ സ്ഥലം വിടുകയാണുത്തമമെന്നു ആ തന്ത്രജ്ഞൻ മനസ്സിലാക്കി. ജമാലുദ്ദീൻ, അവിടത്തെ ശീതോഷ്ണസ്ഥിതി തനിക്കു പാറുന്നില്ലെന്നും, അതുകൊണ്ടു കുറച്ചുകാലം സ്ഥലംമാറി താമസിക്കുവാൻ സമ്മതം കിട്ടേണമെന്നും ഷാഹിനോടപേ

ക്കിച്ചു. 'അച്ഛനിച്ഛിച്ചതും പാൽ; വൈദ്യനാർ ചൊന്നതും പാൽ' എന്ന കണക്കെ നാസിറുദ്ദീൻ വേഗം സമ്മതം കൊടുത്തു. അദ്ദേഹം നേരേ "മോസ്കോ"വിലേക്കാണ് തിരിച്ചത്? അവിടത്തെ ജനങ്ങൾ മുമ്പുതന്നെ ജമാലുദ്ദീനെപ്പറ്റി കേട്ടിട്ടുണ്ടായിരുന്നു. അവർ അദ്ദേഹത്തെ വളരെ ആദരവോടുകൂടി സ്വീകരിച്ചു. അവിടെനിന്നു അദ്ദേഹം "സെൻറ് പീറേർസ് ബർഗി"ലേക്കു പോയി. റഷ്യാ ഗവർമ്മേണ്ട് അദ്ദേഹത്തിൻെറ ആഗമനത്തെപ്പറ്റി അത്ര ശ്രദ്ധിച്ചില്ല. ഈ സ്ഥലത്തുതന്നെ അദ്ദേഹം നാലു വർഷത്തോളം താമസിക്കയുണ്ടായി. ജമാലുദ്ദീൻ അവിടെ ചെന്ന കാലത്തു റഷ്യൻ മുസ്ലിംകാര്യം ഗവർമ്മേണ്ടിൻെറ മേൽനോട്ടം മൂലം ബുദ്ധിമുട്ടിയിരുന്നു. വിശുദ്ധഖുർആനൊ, മറ്റുമതസംബന്ധമായി എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളൊ അച്ചടിക്കുവാൻ തന്നെ റഷ്യാ ഗവർമ്മേണ്ട് അവിടത്തെ മുസ്ലിംകാര്യക്കു സമ്മതം കൊടുത്തിരുന്നില്ലെന്നറിയുമ്പോൾ ആ ഗവർമ്മേണ്ട് മുസ്ലിംകളെ എത്ര മാത്രം ദ്രോഹിച്ചിരുന്നുവെന്നു മനസ്സിലാക്കാമല്ലോ. എന്നാൽ ഈ ചുരുങ്ങിയ കാലത്തിനിടയ്ക്കു സർ ചക്രവർത്തിയുടെ ഗവർമ്മേണ്ടിൻെറ നിഷ്ഠുരമായ മർദ്ദനത്തിൽനിന്നു മുസ്ലിംകളെ അദ്ദേഹം മതസംബന്ധമായ കാര്യത്തിൽ സ്വതന്ത്രരാക്കിത്തീർത്തു. ജമാലുദ്ദീൻെറ ഇത്തരം ധീരകൃത്യങ്ങൾകൊണ്ടു മുസ്ലിം ലോകം എന്നെന്നേയ്ക്കും കടപ്പെട്ടിരിക്കുന്നുവെന്നു പറയാതെ നിവൃത്തിയില്ല.

ജമാലുദ്ദീൻ സെൻറ് പീറേർസ് ബർഗ്ഗിൽ താമസി

ച്ചിരുന്ന കാലത്തു പല മഹാന്മാരുമായി പരിചയിക്കയുണ്ടായി. അവിടെയുള്ള പത്രങ്ങളിൽ, അഫ്ഗാൻ, പേഷ്യാ, തുർക്കി, റഷ്യ, ഇംഗ്ലീഷ് എന്നീ ഗവർമ്മേണ്ടുകളെ ബാധിക്കുന്ന നിരവധി ലേഖനങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു.

പിന്നീട് അദ്ദേഹം പാരീസ്സിലേക്കു തിരിച്ചു പോയപ്പോൾ പേഷ്യയിലെ ഷാഹുമായി വീണ്ടും കണ്ടുമുട്ടി. തന്റെ കൂടെ പേഷ്യയിലേക്കുതന്നെ പോകേണമെന്നു ഷാഹ് ആവശ്യപ്പെട്ടു. പേഷ്യൻ ഷാഹ് ആ അവസരത്തിൽ യൂറോപ്പിന്റെ പല ഭാഗങ്ങളിലായി സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ക്ഷണം സ്വീകരിച്ചു രണ്ടുപേരും കൂടി പാരീസ്സിൽ പോയതിനു ശേഷം പേഷ്യായിലേക്കു തിരിച്ചു. ജമാലുദ്ദീൻ പേഷ്യായിൽ എത്തിയപ്പോഴേക്കു മുമ്പത്തപ്പോലെത്തന്നെ ജനങ്ങളും അദ്ദേഹത്തിന്റെ അടുക്കൽ തിക്കിക്കൂടി അദ്ദേഹത്തോടു പല വിഷയങ്ങളും ചോദിച്ചു മനസ്സിലാക്കുവാൻ തുടങ്ങി. എന്നാൽ ഇത്തവണ ഈജിപ്തിനു മുമ്പുണ്ടായിരുന്നതുപോലെ ആശങ്കകളൊന്നുമുണ്ടായിരുന്നില്ല. ശങ്കകളെല്ലാം തന്റെ യൂറോപ്പ് യാത്രകൊണ്ടു തീർന്നിട്ടുണ്ടായിരുന്നു. പല മഹത്തായ ഗവർമ്മേണ്ട് കാര്യങ്ങളിലും തീർപ്പ് ചെയ്യുവാനായി ഷാഹ് അദ്ദേഹത്തെയാണ് ഏല്പിച്ചിരിക്കുന്നതു്. മാത്രമല്ല, നിയമനിർമ്മാണത്തിൽ പോലും ഷാഹ് അദ്ദേഹത്തോടാലോചിച്ചിരുന്നു. ജമാലുദ്ദീനും ഷാഹുമായുള്ള ഈ ബന്ധം പ്രധാന ഉദ്യോഗസ്ഥന്മാർക്കും, വിശിഷ്യാ പ്രധാന മന്ത്രിക്കു ത

ന്നെയും അസൂയ ഉളവാക്കാതിരുന്നില്ല. ഇപ്പോൾ നി
മ്മിക്കപ്പെട്ടുന്ന നിയമങ്ങൾ തൽക്കാലം കുറെ നല്ലതായി
തോന്നുന്നുണ്ടെങ്കിലും, കാലാന്തരത്തിൽ അവകൊണ്ടു പല
ദോഷങ്ങളുമുണ്ടായേക്കാനിടയുണ്ടെന്നും, മറെറ ഗവർമ്മേണ്ടു
കളുമായുള്ള ബന്ധത്തിനു ഹാനികരമായിത്തീർന്നേക്കുമെ
ന്നും ശത്രുക്കൾ നാസിറുദ്ദീനെ പറഞ്ഞുധരിപ്പിച്ചു. തൽ
ഫലമായി ഷാഹിന്റെ മുഖത്തു പണ്ടത്തെപ്പോലെത്ത
ന്നെ അശുഭകാചിഹ്നങ്ങൾ കണ്ടു തുടങ്ങി. ഇനി സ്ഥലം
വിടുകയാണുത്തമമെന്നു മനസ്സിലാക്കി ജമാലുദ്ദീൻ, ഷാഹ്
അബ്ദുൽ അസീമിന്റെ രാജ്യത്തു് മാറി താമസിക്കുവാൻ
സമ്മതം ചോദിച്ചു. ഈ പറഞ്ഞ സ്ഥലം തഹ്റാനിൽ
നിന്നു 20 കിലോമീറർ അകലെയാണു്. നാസിറു
ദ്ദീൻ സമ്മതം നൽകി. വിദ്വാന്മാരും രാജ്യത്തിലെ നേ
താക്കന്മാരുമായി അനേകം പേർ അദ്ദേഹത്തെ അനുഗ
മിച്ചു. അദ്ദേഹം ഭരണപരിഷ്കാരത്തിലേക്കു ജനങ്ങളെ
പ്രോത്സാഹിപ്പിച്ചുകൊണ്ടു പല പ്രസംഗങ്ങളും ചെയ്യു
ണ്ടായി. ജമാലുദ്ദീൻ എട്ടു മാസത്തോളം അവിടെ താ
മസിച്ചു. അപ്പോഴേക്കു പേഷ്യൻ രാജ്യത്തിന്റെ നാനാ
ഭാഗങ്ങളിലും അദ്ദേഹത്തിന്റെ പ്രസിദ്ധി വ്യാപിച്ചു.
പേഷ്യയെ രാഷ്ട്രീയമായും മതപരമായും അലകും പിടിയും
മാറി പരിഷ്കരിക്കേണമെന്നു അദ്ദേഹം നിശ്ചയിച്ചു.
പക്ഷെ ഇതെല്ലാം നോക്കിക്കണ്ടുകൊണ്ടിരുന്ന നാസറു
ദ്ദീൻ ഒന്നു പരിഭ്രമിച്ചു. അദ്ദേഹം അഞ്ഞൂറ് ഭടന്മാരെ
ജമാലുദ്ദീനെ പിടിച്ചുകൊണ്ടു വരുവാനായി ഷാഹ് അ

ബ്ദുൽ അസീമിന്റെ അട്ടക്കളേക്കയച്ചു. അന്നു ജമാലുദ്ദീൻ പനിപിടിച്ചു കിടപ്പിലായിരുന്നു. അവർ അദ്ദേഹത്തെ വിരിപ്പിൽ നിന്നു പൊക്കിയെടുത്തു അമ്പതു ഭടന്മാരുടെ അകമ്പടിയോടു കൂടി ഉസ്മാനിയാ ഗവർമ്മേണ്ടിന്റെ അതിഥി കടത്തിവിട്ടു. ഈ സംഭവം തന്റെ ശിഷ്യന്മാർക്ക് സഹിക്കുവയ്യാത്ത വ്യസനത്തെ ഉണ്ടാക്കിയെന്നു പറയേണ്ടതില്ലല്ലോ. അവർ ക്ഷോഭിച്ചു വശായി. അവർ ശാഹിനെ കൊലപ്പെടുത്തിക്കളയുമോയെന്നു പലർക്കും സംശയമുണ്ടായിരുന്നു.

എന്നാൽ ജമാലുദ്ദീൻ ദീനം മാറി പൂർണ്ണാരോഗ്യം സിദ്ധിക്കുന്നതുവരെ ബസായിൽ താമസിച്ചു. പിന്നീട് ലണ്ടനിലേക്കാണ് തിരിച്ചത്. ഇംഗ്ലീഷ്കാർക്ക് അദ്ദേഹത്തെക്കുറിച്ചു മുമ്പുതന്നെ വിവരമുണ്ടായിരുന്നുവല്ലോ. അവർ അദ്ദേഹത്തെ അവരുടെ രാഷ്ട്രീയ യോഗങ്ങളിലും വിജ്ഞാന സഭകളിലും ക്ഷണിക്കുക പതിവായിരുന്നു. അവർ അദ്ദേഹത്തെ ക്ഷണിച്ചിരുന്നതു് സ്നേഹം കൊണ്ടു മാത്രമായിരുന്നില്ല; അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നു പല സംഗതികളും മനസ്സിലാക്കേണമെന്നുള്ള ആഗ്രഹം കൊണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങളും സംസാരങ്ങളും പ്രായേണ പേഷ്വായിലെ ഷാഹിന്റെ സ്ഥിതിയേയും, രാജധാനിയിൽ നടന്നിരുന്ന അഴിമതികളേയും സംബന്ധിക്കുന്നവയായിരുന്നു. ഇക്കാലത്താണ് അദ്ദേഹത്തിനു ലണ്ടനിലെ തുർക്കി പ്രതിനിധിയായ റസ്തും പാഷമുഖേന കോൺസ്റ്റാണ്ടിനോപ്പിളിലേക്കു

ക്ഷണം കിട്ടിയതു്. എന്നാൽ തന്റെ രാജ്യത്തിന്റെ പരിഷ്കാരണത്തിന്നായി ചില താല്ക്കാലിക ജോലിയിൽ ഏർപ്പെട്ടതുകൊണ്ടു ക്ഷണത്തിന്നനുകൂലമായ ഒരു മറുവടി കൊടുക്കുവാൻ അദ്ദേഹത്തിന്നു സാധിച്ചില്ല. പക്ഷേ വീണ്ടും അദ്ദേഹത്തെ നിർബ്ബന്ധിച്ചുകൊണ്ടുള്ള ക്ഷണക്കത്തുകിട്ടി. അദ്ദേഹം അനുകൂലമായി കമ്പിമൂലം മറുവടി അയക്കുകയും, ഉടനെത്തന്നെ കൺസ്റ്റാണ്ടിനോപ്പിളിലേക്കു പുറപ്പെടുകയും ചെയ്തു.

ഇവിടെ പ്രത്യേകം ഒരു സംഗതി പറയേണ്ടതായുണ്ടു്. ജമാലുദ്ദീൻ ലണ്ടനിൽ താമസിച്ചിരുന്നപ്പോൾ പേഷ്യായിലെ ശാഹിനെ സ്ഥാനഭ്രഷ്ടനാക്കുവാൻ വേണ്ടി ബ്രിട്ടിഷ് ഗവർമ്മേണ്ടിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നുവെന്നു ഈജിപ്തിൽ നിന്നു പുറപ്പെടുന്ന 'അൽ-ഹിലാൽ' പത്രം പ്രസ്താവിച്ചുകാണുന്നു. അദ്ദേഹം ശാഹ് നാസിറുദ്ദീന്റെ അഴിമതികളെപ്പറ്റിയും പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും പല ലേഖനങ്ങൾ എഴുതുകയും പ്രസംഗങ്ങൾ നടത്തുകയും ചെയ്തതായി പലരും പ്രസ്താവിച്ചു കാണുന്നുണ്ടു്. എങ്കിലും ബ്രിട്ടിഷ് ഗവർമ്മേണ്ടിനെ അദ്ദേഹം മേൽപ്രകാരം പ്രേരിപ്പിച്ചുവെന്നുള്ളതു് എത്രത്തോളം വാസ്തവമാണെന്നു തീർച്ചപ്പെടുത്തുവാൻ നിവൃത്തിയില്ല. ബ്രിട്ടിഷ്കാരിൽ പലരും അദ്ദേഹത്തിന്നു സ്നേഹിതന്മാരായി ഉണ്ടായിരുന്നുവെങ്കിലും, ബ്രിട്ടിഷ് ഭരണത്തിൽ അദ്ദേഹത്തിന്നു വിശ്വാസമുണ്ടായിരുന്നില്ലെന്നാണു് അദ്ദേഹത്തിന്റെ പല

പ്രസ്താവനകൾകൊണ്ടും മനസ്സിലാകുന്നതു്. അതുമല്ല, ഇസ്ലാം രാജ്യങ്ങളിൽ കൈകടത്തുവാൻ ഇതര ശക്തികളെ അനുവദിച്ചുകൂടായെന്നു ശാഠ്യമുണ്ടായിരുന്ന കരാളനാണു് അദ്ദേഹം. ഈ സ്ഥിതിക്കു പേഷ്വായിലെ ശാഹിനെ സ്ഥാനഭ്രഷ്ടനാക്കുവാൻ ജമാലുദ്ദീൻ ബ്രിട്ടീഷ് ശക്തിയെ പ്രേരിപ്പിച്ചുവെന്നുള്ളതു് വിശ്വാസയോഗ്യമാണെന്നു പറയുവാൻ തരം കാണുന്നില്ല.

ഇത്തവണ തുർക്കിയിൽ അദ്ദേഹത്തിനു മുമ്പത്തെക്കാൾ വലിയ സ്വാഗതമാണുണ്ടായതു്. സുൽത്താൻ അബ്ദുൽഹമീദുഖാന്റെ ഏറ്റവും അടുത്ത ഒരു സഖിയായിട്ടാണു് അദ്ദേഹം അവിടെ താമസിച്ചതു്. ഇക്കാലത്തും ശാഹ്നാസിറുദ്ദീന്റെ സ്വേച്ഛാപ്രഭുത്വഭരണത്തെക്കുറിച്ചു അദ്ദേഹം ആക്ഷേപിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ വിഷയത്തിൽ ജമാലുദ്ദീനെപ്പറ്റി ശാഹിനു വളരെ ഭയമുണ്ടായിരുന്നു. ഒരു ദിവസം സുൽത്താൻ അബ്ദുൽഹമീദ്ഖാൻ, ജമാലുദ്ദീനോടു ഇപ്രകാരം പറകയുണ്ടായി. "സയ്യിദ് ജമാലുദ്ദീൻ, ശാഹിന്റെ മേൽ വെറുപ്പുണ്ടാക്കത്തക്കവിധം പ്രവർത്തിക്കുന്നുണ്ടെന്നും, അതു നിർത്തൽ ചെയ്യേണ്ടതാണെന്നും പേഷ്വൻ പ്രതിനിധി എന്നോടു മൂന്നു തവണ അപേക്ഷിക്കുകയുണ്ടായി. രണ്ടു തവണയും ഞാൻ അതു വകവെച്ചില്ല. മൂന്നാം തവണ ഞാൻ ജമാലുദ്ദീനോടു അപേക്ഷിച്ചുനോക്കട്ടെ എന്നു പറഞ്ഞു. എന്താ അങ്ങിനെ ചെയ്യുന്നതിനു വിരോധമുണ്ടോ?" അതിനു സയ്യിദിന്റെ മറുപടി ഇപ്രകാരമായിരുന്നു.

"ഖലീഫത്തുൽമുസ്ലിമീൻ അങ്ങിനെ ആജ്ഞാപിക്കുന്ന പക്ഷം ഈഠാനിലെ ശാഹിനു ഞാൻ മാപ്പ് കൊടുക്കുന്നു" വാസ്തവത്തിൽ അദ്ദേഹത്തെപ്പറ്റി ശാഹിനു വളരെ ഭയമുണ്ടെന്നുമാത്രമായിരുന്നു സുൽത്താന്റെ സമാധാനം. എന്നാൽ ഈ ഭയത്തിനു അവകാശമുണ്ടെന്നു അനന്തരം നടന്ന ശാഹിന്റെ വധം തെളിയിച്ചു. ഈ സംഭവം ലോകത്തു ഒട്ടാകെയുള്ള രാഷ്ട്രീയ മണ്ഡപങ്ങളിലും എന്തെന്നില്ലാത്ത ഒരു ഇളക്കം ഉണ്ടാക്കിത്തീർത്തു. വധത്തിനു കാരണക്കാരായി പലരേയും സംശയിച്ചുവെങ്കിലും അവസാനം സയ്യിദ് ജമാലുദ്ദീനുൽ അഫ്ഘാനിയിലും അദ്ദേഹത്തിന്റെ സ്നേഹിതന്മാരായ മീർസാ ആഗാഖാൻ, ശായിഖ് അഹ്മദ്, ഹാജിമീർസാ ഹസൻഖാൻ എന്നീ മാന്യന്മാരിലുമാണ് ഈ സംശയം ബലപ്പെട്ടുവന്നതു്. ഇവർ നാലുപേരേയും പേഷ്യാഗവമ്മേണ്ടിനു ഏല്പിച്ചുകൊടുക്കേണമെന്നു ആ ഗവമ്മേണ്ട് തുർക്കിഗവമ്മേണ്ടിനോടു അപേക്ഷിച്ചു. ആദ്യം കുറെ വൈമനസ്യം കാണിച്ചുവെങ്കിലും അവസാനം ജമാലുദ്ദീൻ ഒഴികെയുള്ള മൂന്നു പേരെ ഏല്പിച്ചുകൊടുത്തു. ആ മൂന്നു പേർ മരണശിക്ഷ അനുഭവിക്കുകയും ചെയ്തു. ജമാലുദ്ദീനെ അയച്ചുകൊടുക്കുകയില്ലെന്നുതന്നെ തുർക്കിഗവമ്മേണ്ട് തീർത്തുപറഞ്ഞു. ശാഹ് നാസറുദ്ദീന്റെ വധത്തിനു അദ്ദേഹം ഹേതുവായി ഭവിച്ചിട്ടില്ലെന്നായിരുന്നു സുൽത്താൻ തിരുമനസ്സിലെ വാദം. എന്നാൽ ശാഹിന്റെ മരണം പേഷ്യാരാജ്യത്തിനു ഒരു നഷ്ടമായിട്ടു ജമാലുദ്ദീൻ വിചാരിച്ചിരുന്നുവെന്നു പറയാൻ

തരമില്ല. കൂടെക്കൂടെ ജമാലുദ്ദീൻ കൺസ്റ്റാണ്ട്നോപ്പിളിൽത്തന്നെ താമസിച്ചുകൊണ്ട് ഇസ്ലാമിന്റെ ഉയർച്ചക്കും അഭിവൃദ്ധിക്കുമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. 1896-ൽ അദ്ദേഹത്തിനു കവിൾവാപ്പിന്റെ സുഖക്കേട് തുടങ്ങി. ചില ഔഷധങ്ങളെ ജയിച്ചുകൊണ്ട് സുഖക്കേട് വർദ്ധിച്ചു വന്നു. ഇങ്ങിനെ 1897 മാർച്ചുമാസം 9-ാംനു അദ്ദേഹം ഈ ലോകവുമായി എന്നെന്നേക്കും വിടപറഞ്ഞു. "ഇന്നാലില്ലാഹിവഇന്നാഇലൈഹി റാജിഊൻ" സർവ്വശക്തനായ ഏക ഇലാഹ് അദ്ദേഹത്തിനു നിത്യ സുഖപ്രദാനം ചെയ്യട്ടെ. ക്ഷീണിച്ചു കിടക്കുന്ന ഇസ്ലാം ലോകത്തിനും മുസ്ലീം രാജ്യങ്ങൾക്കും ആരോഗ്യം നൽകാനായി അദ്ദേഹം നിർദ്ദേശിച്ചിട്ടുള്ള ഔഷധങ്ങൾകൊണ്ടു ചികിത്സിക്കുവാൻ അദ്ദേഹത്തിന്റെ അനുചരന്മാർക്കും അവരുടെ പിൻഗാമികൾക്കും അവൻ ഉതവി നൽകട്ടെ.



മുഹമ്മദ് അബ്ദഃ

ശൈഖ് മുഹമ്മദ് അബ്ദഃ

ആധുനിക അറബിസാഹിത്യത്തോട് ഇടപെട്ട് വരുന്നവരും, ഇസ്ലാം ലോകത്തു നവീനമായി ഉത്ഭവിച്ച അത്ഭുതജനകമായ പരിവർത്തനങ്ങളുടെ മൂലകാരണങ്ങളെക്കുറിച്ചു പരിചിന്തനം ചെയ്യുന്നവരുമായ മുസ്‌ലിം സഹോദരങ്ങൾ—അവർ ഏതു രാജ്യക്കാരാകട്ടെ-ഈജിപ്തിൽ "മുഫ്തി" ആയിരുന്ന മഹാനായ ശൈഖ് മുഹമ്മദ് അബ്ദഃയുടെ പേർ കേട്ടിട്ടുണ്ടാകാതിരിക്കയില്ല. അതിമഹാനായിരുന്ന ഈ പണ്ഡിതൻ ക്രിസ്താബ്ദം 1845-ൽ നസ്രാ എന്നിടത്തു ജാതനായി. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ കൃഷികജോലിയിലേർപ്പെട്ടു കാലം കഴിച്ചവരായിരുന്നു. എന്നാൽ മുഹമ്മദ് അബ്ദഃയ്ക്കു ശൈശവത്തിൽത്തന്നെ ഉണ്ടായിരുന്ന അതിയായ ബുദ്ധിസാമർത്ഥ്യം കണ്ടു, അവർ അദ്ദേഹത്തെ ഒരു നല്ല പണ്ഡിതനാക്കിത്തീർക്കാമെന്നു തീർച്ചപ്പെടുത്തി അദ്ദേഹത്തെ പാഠശാലയിൽ ചേർത്തു. എങ്കിലും അവർ ആശിച്ചിരുന്നതുപോലെ വിദ്യാഭ്യാസവിഷയത്തിൽ അദ്ദേഹം ഉത്സാഹം പ്രദർശിപ്പിച്ചില്ല. അദ്ദേഹം വിദ്യ അഭ്യസിക്കുന്നതിനു ഒട്ടും തൃപ്തിപ്പെടാതെ, തന്നെ പാഠശാലയിലേക്കയക്കുന്നതിനു പകരം കൃഷിസ്ഥലത്തേക്കയക്കേണമെന്നു പിതാക്കന്മാരോടു ശുപാർശ ചെയ്തിരുന്നു. മാതാപിതാക്കന്മാർ അതൊന്നും വിലവെക്കാതെ പള്ളിക്കൂടത്തിലേക്കു പോകുവാൻ തന്നെ

അദ്ദേഹത്തെ നിർബ്ബന്ധിച്ചു. എന്നാൽ അവരുടെ നിർബ്ബന്ധം നിമിത്തം പള്ളിക്കൂടത്തിൽ പോയിക്കൊണ്ടിരുന്നുവെന്നല്ലാതെ അക്കാലത്ത് മുഹമ്മദ് അബ്ദു കായ്മായിയാതൊന്നും പഠിക്കുകയുണ്ടായില്ല.

അഞ്ചെട്ടുവർഷക്കാലം ഇങ്ങിനെ വൃഥാ ചെലവഴിച്ചിട്ടും പിതാവ് തന്നെ വെറുതെ വിടുന്നമാതിരിയല്ലെന്നു മനസ്സിലായപ്പോൾ, ശൈഖ് അവർകൾ ഇനി പഠിക്കുകതന്നെ എന്നു തീരുമാനിച്ചു. തന്റെ സമയങ്ങൾ മുഴുവനും പാഠവിഷയത്തിൽ തന്നെ വിനിയോഗിച്ചു തുടങ്ങി. മറ്റുള്ളവർ ഒന്നും രണ്ടും കൊല്ലങ്ങൾ കൊണ്ടു പഠിച്ചിരുന്ന വിഷയങ്ങളെ ശൈഖവർകൾ ഒറ്റ ദിവസംകൊണ്ടു മനസ്സിലാക്കിവന്നു. അദ്ദേഹത്തിന്റെ ബുദ്ധിസാമർത്ഥ്യത്തെപ്പറ്റി ഒരു മഹാൻ ഇങ്ങിനെ പറഞ്ഞു കാണുന്നു:— 'അറബി വ്യാകരണത്തിലുള്ള 'കഫ്റാവീ' എന്ന ഗ്രന്ഥം വായിച്ചവസാനിപ്പിക്കുവാൻ അദ്ദേഹത്തിന്നു ഒരു മാസം മുഴുവൻ വേണ്ടി വന്നില്ല. ആ ഗ്രന്ഥത്തിലുള്ള അന്യോന്യ വിരുദ്ധങ്ങളും മാറ്റു പിഴവുകളും അദ്ദേഹം കണ്ടുപിടിച്ചു ഗുരുനാഥന്റെ ദൃഷ്ടിപഥത്തിൽ കൊണ്ടുവന്നു. അതെല്ലാം ഗുരുനാഥനും സമ്മതിക്കുകയുണ്ടായി. എന്നാൽ പിന്നെ അതെന്തിന്നു വായിക്കുന്നുവെന്നുള്ള ശൈഖ് അവർകളുടെ ചോദ്യത്തിന്നു 'ബറക്കത്തിന്നു' വേണ്ടിയാണെന്നായിരുന്നു ഗുരുവിന്റെ ഉത്തരം.

'മനംപോലെ മാംഗല്യം' എന്ന മട്ടിൽ ഖ=സെയ്ദ് ജമാലുദ്ദീനുൽ അഫ്ഗാനി 1880-ൽ ഈജി

പ്പിൽ എത്തി താമസം തുടങ്ങി. ശൈഖവർകൾ അദ്ദേഹത്തിന്റെ അടുക്കൽ പോയി പഠനം ആരംഭിച്ചു. തന്റെ ശിഷ്യന്മാരിൽവെച്ചു ഏറ്റവും യോഗ്യൻ ശൈഖവർകളാണെന്നു പലപ്പോഴും ജമാലുദ്ദീൻ പറയാറുണ്ടായിരുന്നു. മാത്രമല്ല, ശൈഖവർകൾ ഈജിപ്തിനു യുദ്ധക്കപ്പലിനെക്കാൾ ബലവും, പട്ടാളത്തെക്കാൾ ശക്തിയുമാണെന്നുകൂടി ജമാലുദ്ദീൻ പറഞ്ഞിട്ടുണ്ട്. ജമാലുദ്ദീൻ പത്തു വർഷക്കാലം ഈജിപ്തിൽ താമസിക്കുകയുണ്ടായി. ഈ കാലത്തെല്ലാം അദ്ദേഹത്തിന്റെ വലങ്കൈയായി നിന്നു പ്രവർത്തിച്ചിരുന്നതു് ശൈഖവർകളായിരുന്നു. ജമാലുദ്ദീൻ എന്തൊക്കെ എഴുതിയിരുന്നുവോ, അവയിലെല്ലാം ശൈഖവർകളുടെ പേനയും, ആരുമായെല്ലാം വിവാദം നടത്തിയിരുന്നുവോ അതിലെല്ലാം ശൈഖവർകളുടെ ബുദ്ധിസാമർത്ഥ്യവും ഉപയോഗപ്പെട്ടിരുന്നു. ജമാലുദ്ദീൻ ഈജിപ്തിൽ നിന്നു ബഹിഷ്കരിക്കപ്പെട്ട സുവൈസിൽ കപ്പലിന്റെ വരവ് കാത്തിരുന്ന ഘട്ടത്തിൽ അദ്ദേഹം ഈജിപ്തുകാരോടു പറഞ്ഞതു ഇപ്രകാരമായിരുന്നു:—

"ഞാൻ ഇവിടെ മുഹമ്മദ് അബ്ദുവിനെ നിർത്തിയിട്ടുണ്ട്. ഈജിപ്തിനു ഒരു പണ്ഡിതനായി അദ്ദേഹം തന്നെ മതി."

ഈജിപ്ത് ഗവർമ്മേണ്ടിന്റെ പ്രധാന മന്ത്രിയായിരുന്ന ഇസ്മായിൽപാഷാ ഉദ്യോഗമൊഴിഞ്ഞു. രിയാസ് പാഷാ മന്ത്രിയായതോടുകൂടി ശൈഖവർകൾ രിയാസ് പാഷയുടെ ഉറ്റ സഖിയായിത്തീർന്നു. രിയാസ് പാഷാ

അദ്ദേഹത്തെ ഭരണകാര്യാലോചനാ സഭയിൽ കരംഗമായെടുത്തു. ഇക്കാലത്താണ് ഇറാബിയ്യാ ലഹളനടന്നതു്. ഈ ലഹള സമാധാനിപ്പിക്കുവാനായി ശൈഖവർകൾ വളരെ ശ്രമിച്ചിട്ടുണ്ടു്. ലഹളക്കാരോടു അനുകൂലിക്കാതിരുന്നതുകൊണ്ടു അവർ അദ്ദേഹത്തെ കൊലപ്പെടുത്തുവാനുംകൂടി ശ്രമിച്ചിരുന്നു. ഈജിപ്തിനെ വിദേശാധിപത്യത്തിൽനിന്നു മോചിപ്പിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നുവെങ്കിലും, ഇറാബിയ്യാ ലഹളയ്ക്കു അദ്ദേഹം അനുകൂലിയായിരുന്നില്ല. പക്ഷെ ഫലം വിപരീതമായിട്ടാണ് പരിണമിച്ചതു്.

ലഹള സമാധാനിച്ചതിൽ പിന്നെ ലഹളക്കാർക്കു് ശൈഖവർകളുടെ സഹായമുണ്ടായിരുന്നുവെന്നു സംശയിച്ച അധികാരസ്ഥന്മാർ അദ്ദേഹത്തോടു രാജ്യം വിട്ടുവാൻ ആജ്ഞാപിച്ചു. ആദ്യം അദ്ദേഹം സിറിയായിലേക്കു പോയി, ഒരു കൊല്ലത്തോളം സിറിയായിൽ താമസിച്ചതിനുശേഷം, അദ്ദേഹം പാരീസിലേക്കു പുറപ്പെട്ടു. പാരീസിൽവെച്ചു സയ്യിദ് ജമാലുദ്ദീൻ അഫ്ഗാനിയുടെ മേൽനോട്ടത്തിൻകീഴിൽ നടത്തപ്പെട്ട "അൽ ഉർവത്തുൽ വുസ്ഖാ" എന്ന പത്രത്തിന്റെ ആധിപത്യം സ്വീകരിച്ചു. എന്നാൽ കുറച്ചുകാലംകഴിഞ്ഞപ്പോഴേക്കു ഈജിപ്ത് ഗവർമ്മേണ്ടിനു അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന തെറ്റിദ്ധാരണ മുഴുവനും നീങ്ങിയതിനാൽ അദ്ദേഹത്തിനു ഈജിപ്തിലേക്കു തിരിച്ചുവരുവാൻ സാധിച്ചു. പിന്നീടു അദ്ദേഹം

ഈജിപ്തിൽഒരു ജഡ്ജിയായി നിയമിക്കപ്പെട്ടു. അനന്തരം താമസം വിനാ ഹൈക്കോട്ട് ജഡ്ജിയായും നിയമിതനായി. ഇതിനുശേഷമാണ് മിസ്രിലെ മുഫ്തിയായി നിയമിക്കപ്പെട്ടത്.

ശൈഖവർകൾ ദീനിനും, സമുദായത്തിനും രാജ്യത്തിനും ചെയ്തിട്ടുള്ള നന്മകൾ അവർണ്ണനീയങ്ങളാണ്. അദ്ദേഹം ചെയ്തിട്ടുള്ള ഏറ്റവും മഹത്തായ പ്രവൃത്തിയായിരുന്നു ഖുർആനിന്റെ ഒരു "ദർസ്സ്". ആ ദർസ്സിന്റെ സദസ്സിൽ വെച്ചു തന്റെ ശിഷ്യന്മാർക്കു ആ മഹകരയില്ലാത്ത വിശുദ്ധ ഖുർആൻ സമുദ്രത്തിൽ നിന്നു അമൂല്യമായ നിരവധി രത്നങ്ങളെ ശൈഖവർകൾ വാരിച്ചൊരിഞ്ഞു കൊടുത്തിരുന്നു. അദ്ദേഹം അന്നു പഠിപ്പിച്ചിരുന്നതനുസരിച്ചു, അദ്ദേഹത്തിന്റെ പ്രധാന ശിഷ്യനും അൽമനാർ പത്രാധിപരുമായ സയ്യിദ് റശീദ്രിസാ ഇപ്പോൾ ഒരു ഖുർആൻ വ്യാഖ്യാനം തന്റെ മാസികയിൽ എഴുതി വരുന്നു. ഈ വ്യാഖ്യാനത്തിന്റെ ഒമ്പതു ഭാഗങ്ങൾ ഇപ്പോൾ ഗ്രന്ഥരൂപേണ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. മുസ്ലിം സമുദായത്തെ ജനത്തിലേപ്പറ്റിയിരിക്കുന്ന സഹൃദയന്മാരിൽ അറബി അറിയുന്നവർക്കു ഈ ഗ്രന്ഥം ഒരു അപൂർവ്വനിധിയായിട്ടുണ്ടെന്നു ഇവിടെ പ്രസ്താവിക്കാതെ തരമില്ല. കായ്യാലോചനാ സഭയിൽ അംഗമായിരുന്ന കാലത്ത് സഭയുടെ ആലോചനയ്ക്കു അദ്ദേഹം വിഷയീഭവിച്ച നിർദ്ദേശങ്ങളും, അവ മൂലം രാജ്യത്തിനു സിദ്ധിച്ച ഗുണങ്ങളും

എന്നന്നേക്കും അദ്ദേഹത്തിന്റെ പേരിനെ നിലനിർത്തുന്നവയായിരുന്നു. ഫത്ത്‌വാവഴിയും ഗ്രന്ഥരചനവഴിയും അദ്ദേഹം ദീനിനു ചെയ്ത ശുശ്രൂഷകളും അധികം വിലമതിക്കത്തക്കവയാണ്. "രിസാലത്തുത്തൗഹീദ്" 'അൽ ഇസ്ലാമു വന്നസ്‌റാനിയ്യ' മുതലായ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ അഗാധമായ ജ്ഞാനത്തിനുള്ള പ്രത്യക്ഷ ലക്ഷ്യങ്ങളാണ്. ജാമിഉൽ അസ്ഹറിന്റെ പരിഷ്കരണത്തിനായി അദ്ദേഹം പല മഹാ കൃത്യങ്ങളും ചെയ്തിട്ടുണ്ട്. പത്രങ്ങളിലും മാസികകളിലും അദ്ദേഹം എഴുതിയിരുന്ന വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളും ഇന്നു ഭരണതന്ത്രജ്ഞന്മാർക്കുപോലും മാർഗ്ഗദർശനം ചെയ്യുന്നുണ്ടെന്നുള്ള വാസ്തവത്തെ ആരും നിഷേധിക്കയില്ല. കുസൃമരഖണ്ഡനത്തിൽ ശൈഖവർകളും മറ്റുള്ളവർക്കു മാതൃകായോഗ്യമായ ഒരു പാതയെ വെട്ടിത്തുറന്നുകൊടുത്തിട്ടുണ്ട്. എന്നാൽ സമുദായ പരിഷ്കാരികൾക്കു സർവ്വസാധാരണമായ "ചില സമ്മാനങ്ങൾ" ശൈഖവർകൾക്കും ധാരാളം ലഭിച്ചിട്ടുണ്ട്. അന്ധവിശ്വാസങ്ങളെ നശിപ്പിക്കുവാനും, അനിസ്‌ലാമീകാചാരങ്ങളെ ധ്വംസിക്കുവാനും അദ്ദേഹം ചെയ്തിരുന്ന പരിശ്രമങ്ങൾമൂലം പല പണ്ഡിതന്മാരും അദ്ദേഹത്തിനു മതഭ്രഷ്ട് കല്പിച്ചിരുന്നു. ജാമിഉൽ അസ്ഹർ സർവ്വകലാശാലാ പരിഷ്കരണത്തിനു അദ്ദേഹം ഉത്സാഹിച്ചിരുന്നതു അന്നത്തെ അൽ അസ്ഹർ ഗുരുനാഥന്മാർക്കു വളരെ കോപത്തിനിടയാക്കിയിരുന്നു. എന്നാൽ ഇന്നാകട്ടെ ശൈഖിന്റെ അഭിപ്രായത്തെ ഈജിപ്തിലെ ഭൂരിപക്ഷക്കാ

രെന്നുവേണ്ടു, അൽഅസ്ഹർ ഗുരുനാഥന്മാർപോലും ബഹുമാനപുരസ്സരം സ്വീകരിച്ചുവരുന്നു.

ശൈഖവർകളുടെ സ്വഭാവഗുണങ്ങളും മാതൃകായോഗ്യങ്ങളും തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ഹൃദയവിശാലതയും ഔദാര്യവും ഏറ്റവും സൂക്ഷ്മങ്ങളാണ്. ആർ എന്തൊരു വ്യസനം പറഞ്ഞിരുന്നാലും അതു നിവർത്തിച്ചു കൊടുക്കുന്നകാര്യത്തിൽ അദ്ദേഹത്തിനു പ്രത്യേകം സന്തോഷമായിരുന്നു. "ജാമിഉൽ അസ്ഹറി"ലെ ശൈഖന്മാർ മരിച്ചാൽ അവരുടെ സന്താനങ്ങൾക്കു അനന്തരാവകാശമായി അവിടത്തെ വഖ്ഫ് സ്വത്തിൽനിന്നു സംഖ്യ പറകെ പതിവായിരുന്നു. ജാമിഉൽഅസ്ഹറിലെ ഗുരുനാഥന്മാക്കു വഖ്ഫ് ചെയ്യിട്ടുള്ള ധനത്തെ അവരുടെ സന്താനങ്ങൾക്കു അനന്തരാവകാശമായി പറഞ്ഞിരിപ്പാൻ പാടില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ശൈഖവർകളും ആ സമ്പ്രദായത്തെ നിർത്തൽ ചെയ്തു. അതിനുപകരം ശൈഖന്മാരുടെ സന്താനങ്ങൾക്കു സ്വന്തകയ്യിൽനിന്നൊട്ടുമുക്കാലും സ്നേഹിതന്മാരുടെപക്കൽനിന്നു പിരിച്ചെടുത്തും അദ്ദേഹം തന്നെ മാസംപ്രതികാരോ സംഖ്യ കൊടുത്തുവന്നു.

അദ്ദേഹം ഒരു യഥാർത്ഥ ദേശാഭിമാനിയുമായിരുന്നുവെന്നു ഈജിപ്തുഗവർമ്മേണ്ടിൽ നിന്നു അദ്ദേഹത്തിനു ഒരു സംശയംമൂലമെങ്കിലും ലഭിച്ച ശിക്ഷ വ്യക്തമാക്കുന്നുണ്ടല്ലോ. അദ്ദേഹത്തിന്റെ ജീവിതത്തിൽ അടിക്കടി

ഉണ്ടായിക്കൊണ്ടിരുന്ന ക്ലേശങ്ങൾക്കൊന്നും, സമുദായാഭി വൃദ്ധിക്കും രാജ്യനന്മയ്ക്കുമായുള്ള പ്രവൃത്തിയിൽ നിന്നു അര നിമിഷമെങ്കിലും അദ്ദേഹത്തെ പിന്തിരിക്കുവാൻ സാധി ച്ചിരുന്നില്ല. സ്ഥൈര്യത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അനന്യസാധാരണമായ വിശ്വാസത്തിനും, താഴെ ഉദ്ധരി ക്കുന്നതും തന്റെ പ്രധാന ശിഷ്യനായ അൽമനാർ പത്രാ ധിപക്കു അദ്ദേഹം നല്കിയതും, അൽമനാർ അതിന്റെ മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുന്നതുമായ ഉപദേശം ഒരു നല്ല ദൃഷ്ടാന്തമാണ്:—

"ഭാവിക്കു ഗുണകരവും ഭാവയിൽ നേരിടുന്ന ദാരി ത്തിൽ നിന്നു രക്ഷപ്രാപിക്കുവാൻ സഹായകവുമായ പരി ഷ്കരണത്താൽ ഇന്നത്തെ സ്ഥിതിക്കു മാറ്റം വരുത്തുന്നതി നുള്ള മോഹം ശക്തിപ്പെടുന്നതനുസരിച്ചു "അൽമ നാറി"ലുള്ള ആഗ്രഹം ബലപ്പെടുന്നതാണ്. ആ ആഗ്ര ഹം ധനവാന്മാരിൽ കുറഞ്ഞുകൊണ്ടേയിരിക്കും. ദരിദ്ര ന്മാക്കാകട്ടെ സഹായിക്കുവാൻ കഴിവുണ്ടാകയുമില്ല. എ ങ്കിലും അതു പരിശ്രമവിജയത്തിലുള്ള ആശയെ ക്ഷയി പ്പിക്കുന്നില്ല.



സർ ശങ്കരൻ നായർ.

സഗ്‌ലൂൽ പാഷാ.

ബ്രിട്ടീഷ് ഗവർമ്മേണ്ടിന്റെ അടിമത്ത ശൃംഖലയാൽ ബന്ധിക്കപ്പെട്ടിരുന്ന ഈജിപ്ത്കാരുടെ മോചനാർത്ഥം ദീർഘകാലം സമരം നടത്തി ലോകപ്രസിദ്ധനായിത്തീർന്ന സഅദ് അഗ്‌ലൂൽ പാഷാ ക്രിസ്താബ്ദം 1860-ൽ അബ്‌യാനാ എന്ന ഗ്രാമത്തിലെ ഒരു ഇടത്തരം കൃഷിക്കാരനായ ഇബ്രാഹീം തറവാട്ടിൽ ജാതനായി. ഈജിപ്തിലെ പല രാഷ്ട്രീയ നേതാക്കന്മാരിൽ സാക്ഷാൽ ഈജിപ്ത്കാരനും, ഫല്ലാഹീൻ എന്ന അവിടത്തെ കൃഷികവർഗ്ഗത്തിൽ ഉൾപ്പെട്ടവനുമായ ഏക നായകൻ സഗ്‌ലൂൽപാഷയായിരുന്നു. അദ്ദേഹത്തിന്നു ഏഴു വയസ്സു പ്രായമായപ്പോൾ മാതാപിതാക്കന്മാർ അദ്ദേഹത്തെ വിദ്യാഭ്യാസാർത്ഥം സഗ്രാമത്തിലെ ഒരു പ്രാഥമിക പാഠശാലയിൽ ചേർത്തു. അവിടെ നിന്നു അഞ്ചുവർഷംകൊണ്ടു അറബിഎഴുത്തും വായനയും മറ്റു പ്രാഥമിക വിദ്യകളും അദ്ദേഹം അഭ്യസിച്ചു. അനന്തരം അദ്ദേഹം ദസൂഖ് എന്നിടത്തു ചെന്നു ശൈഖ് അബ്ദുല്ലാ അബ്ദുൽ അസീം എന്ന പണ്ഡിതന്റെ അടുക്കൽനിന്നു വിശുദ്ധ ഖുർആൻ തെറ്റുകൂടാതെ പാരായണം ചെയ്യാൻ ശീലിച്ചു. അതിൽപ്പിന്നെ സഗ്‌ലൂൽ പാഷാ ഉൽകൃഷ്ട വിദ്യാഭ്യസനാർത്ഥം കയറോവിലേക്കു പോയി. അവിടത്തെ പ്രസിദ്ധപ്പെട്ട അൽഅസ്ഹർ സർവ്വകലാശാലയിലും അദ്ദേഹം അഞ്ചുകൊല്ലം വിദ്യാ

ഭ്യാസം ചെയ്തു. അദ്ദേഹം പ്രകൃത്യാ സമർത്ഥനും ബുദ്ധിമാനുമായിരുന്നു. അതോടുകൂടി അദ്ദേഹം അനുഷ്ഠിച്ച സ്ഥിരോത്സാഹം തങ്കത്തിനു സുഗന്ധമെന്നപോലെ ഗുണകരമായിത്തീർന്നു.

സർവ്വകലാശാലാപഠനം കഴിഞ്ഞതിൽപ്പിന്നെ അദ്ദേഹം രാജ്യസഞ്ചാരത്തിൽ ഏർപ്പെട്ടു. അദ്ദേഹം ഇംഗ്ലീഷിലെ പ്രധാനപ്പെട്ട രാജ്യങ്ങൾ സന്ദർശിക്കുകയും യോഗ്യന്മാരായ പണ്ഡിതന്മാരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. ഇന്നു മുസ്‌ലിംലോകത്തു ഉത്ഭവിച്ചിട്ടുള്ള നവീന ഉണർച്ചയുടെ പ്രഥമ ജനിയിതാവും, സുപ്രസിദ്ധമത പണ്ഡിതനും അസാധാരണ രാഷ്ട്രീയ നേതാവുമായിരുന്ന അല്ലാമാസയ്യിദ് ജമാലുദ്ദീൻ അഫ്ഗാനി അക്കാലത്തു കയറോവിൽ താമസിച്ചു വരികയായിരുന്നു. സഗ്‌ലൂൽപാഷാ അദ്ദേഹത്തെയും ശൈഖ് മുഹമ്മദ് അബ്ദുമുതലായ അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളിൽ പ്രധാനികളേയും ചെന്നു കാണുകയുണ്ടായി. പ്രസ്തുതമഹാന്മാരുടെ സ്വാതന്ത്ര്യതല്പരതയും ഉത്തമാദർശങ്ങളും പാഷാ അവർകളിൽ താമസമെന്യേ പ്രതിബിംബിച്ചു. ശൈഖ് മുഹമ്മദ് അബ്ദുയുടെ അടുക്കൽനിന്നു തൗഹീദിനെ, അഥവാ ഏകദൈവവിശ്വാസത്തെ സംബന്ധിച്ച അറിവു സമ്പാദിച്ചതിനാൽ പ്രാചീന മുസ്‌ലിംകളിൽ വേരുറച്ചിരുന്നതും, ദൈവത്തെയൊഴിച്ചു മറ്റൊന്നിനേയും ഭയപ്പെടാതിരിക്കുന്നതിനു സഹായകവുമായ ഒരു സുദൃഢമനസ്ഥിതി അദ്ദേഹത്തിനു സിദ്ധമായി.

അറബി സാഹിത്യത്തിൽ സഗ്ലൂൽപാഷാക്കു അന
ന്യസാധാരണമായ വ്യുല്പത്തി സിദ്ധിച്ചിരുന്നു. അദ്ദേഹം
അറബി പത്രങ്ങളിലേക്കു ക്ലേടക്കുടെ ലേഖനങ്ങൾ എഴുതി
ക്കൊണ്ടിരുന്നു. ജരീദാമിസർ, അൽബുർഹാൻ, അൽമ
ഹ്റൂസു മുതലായ ഈജിപ്തിലെ ശ്രുതിപ്പെട്ട പല പത്ര
ങ്ങളും അദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി
വന്നു. ആ ലേഖനങ്ങൾ നിമിത്തം ഈജിപ്തിൽ രാഷ്ട്രീ
യവും സാമുദായികവുമായ വിഷയങ്ങളെക്കുറിച്ചു ജനങ്ങൾ
ക്കു ബോധം വർദ്ധിച്ചു. അതോടുകൂടിത്തന്നെ സഗ്ലൂൽ
പാഷയുടെ പേരും നാടൊട്ടുക്കു വ്യാപിച്ചു. അൽവഖാ
യിഉൽമിസ്രിയ്യ എന്ന പത്രമാണ് അക്കാലത്തു ഈജി
പ്ത്പത്രങ്ങളുടെ കൂട്ടത്തിൽ സർവ്വപ്രധാനമായിരുന്നിരു
ന്നതു്. സഗ്ലൂൽപാഷയുടെ സാഹിത്യ വിഷയകമായ
അസാധാരണ നൈപുണി നിമിത്തം അതിന്റെ പത്രാ
ധിപസ്ഥാനം അദ്ദേഹത്തിനു ലഭിച്ചു. പന്ത്രണ്ടുമാസ
ക്കാലം പ്രസ്തുത പത്രത്തെ അദ്ദേഹം പ്രശസ്തമായി നട
ത്തി. സ്വേച്ഛാധിപത്യത്തെ എതിർത്തുകൊണ്ടു അദ്ദേഹം
അതിൽ എഴുതിയിരുന്ന മുഖപ്രസംഗങ്ങൾ ഈജിപ്തു
കാരെ അകമാനം ഇളക്കിമറിച്ചു. അദ്ദേഹത്തിന്റെ
യോഗ്യതയും പരിശ്രമ ശീലവും ഈജിപ്ത്ഗവർമ്മേണ്ടിനെ
ആകർഷിക്കാതിരുന്നില്ല. ഗവർമ്മേണ്ട് ഒന്നാമതായി അദ്ദേ
ഹത്തെ അവിടത്തെ ഹോംമിനിസ്റ്ററുടെ അസിസ്റ്റണ്ടായി
നിയമിച്ചു. ആ ഉദ്യോഗത്തിൽ അദ്ദേഹം പ്രദർശിപ്പിച്ച
സാമർത്ഥ്യത്താൽ അധികം താമസിക്കാതെത്തന്നെ അദ്ദേ

ഹം നീതിന്യായവകുപ്പിൽ മന്ത്രിയായി നിയമിക്കപ്പെട്ടു. എന്നാൽ മന്ത്രിസ്ഥാനം അധികകാലം സ്വീകരിക്കുവാൻ അദ്ദേഹത്തിനു അവസരം ലഭിച്ചില്ല. അദ്ദേഹം മന്ത്രിസ്ഥാനത്തു ആഗതനായി രണ്ടുമാസം കഴിഞ്ഞപ്പോഴേക്കു ഈജിപ്തിൽ ഒരു ഭയങ്കരസംഭവം നടന്നു. 1882-ൽ ബ്രിട്ടിഷ് പട്ടാളം ഈജിപ്തിൽ പ്രവേശിച്ചപ്പോൾ അവിടത്തുകാരിൽ പലരും ബ്രിട്ടിഷ്കാർ തങ്ങളുടെ രാജ്യത്തെ കീഴടക്കുന്നതിനു പ്രതികൂലികളായിരുന്നു. തന്നിമിത്തം അഹ്മദ് അറബിപാഷയുടെ നായകത്വത്തിൽ അവിടെ ഒരു വലിയ വിപ്ലവമുണ്ടായി. അക്കാലത്തു ഒട്ടധികം ദേശീയനായകന്മാർ ബന്ധനത്തിൽ അകപ്പെട്ടു. സഗ്ലൂൽപാഷയും ബന്ധനസ്ഥന്മാരുടെ കൂട്ടത്തിൽപെട്ടിരുന്നു. 1884-ൽ ആയിരുന്നു അദ്ദേഹം ബന്ധനവിമുക്തനായതു്. ബന്ധനസ്ഥനായ അവസരത്തിൽത്തന്നെ ഗവമ്മെണ്ടു് അദ്ദേഹത്തെ മന്ത്രിസ്ഥാനത്തുനിന്നു നീക്കിക്കളഞ്ഞിരുന്നു. അദ്ദേഹം ജയിലിൽനിന്നു പുറത്തുവന്ന കാലത്തു് ഈജിപ്തിൽ ദേശീയപഞ്ചായത്തുകൾ തുറക്കപ്പെട്ടതിനാൽ കുറെകാലം ആ പഞ്ചായത്തുകളിൽ വക്കീലത്തു് നടത്തിവന്നു. അതിനിടയിൽ അദ്ദേഹം ഫ്രഞ്ചുഭാഷ പഠിക്കുകയും, ആ ഭാഷ മുഖേന നിയമപാരായണം ചെയ്തു ഗവമ്മേണ്ടിൽനിന്നു സർട്ടിഫിക്കറ്റു് വാങ്ങുകയും ചെയ്തു. തന്നിമിത്തം 1892-ൽ ഗവമ്മേണ്ടു് അദ്ദേഹത്തെ ഒരു സാധാരണ ന്യായാധിപനായി നിയമിച്ചു. അദ്ദേഹം ആ ഉദ്യോഗത്തിൽനിന്നു ക്രമേണ

കയറിക്കയറി അവസാനം ഗവമ്മേണ്ടിന്റെ നിയമോപ
ദേഷ്ടാവായിത്തീർന്നു.

1906-ൽ ഗവമ്മേണ്ട് അദ്ദേഹത്തെ വിദ്യാഭ്യാസ
മന്ത്രിയായി നിയമിച്ചു. ഈ ഉദ്യോഗകാലത്തും പാഷാ
അവർകൾക്ക് കീർത്തിവർദ്ധിച്ചുകൊണ്ടിരുന്നു. ഈജി
പ്തിൽ ബ്രിട്ടീഷ് ഗവമ്മേണ്ടിന്റെ ഹൈ കമീഷണറായിരു
ന്ന ലാർഡ് ക്രോമർ ഈജിപ്ത് വിട്ടപ്പോൾ ചെയ്ത പ്രസംഗ
ത്തിൽ അദ്ദേഹത്തെക്കുറിച്ചു ഇപ്രകാരം പ്രസ്താവിച്ചിരു
ന്നു. "എനിക്കു സഗ്ലൂൽപാഷയുമായി അധികകാല
ത്തെ പരിചയമുണ്ടായിട്ടില്ല. അല്പകാലം മാത്രമേ അദ്ദേ
ഹം എന്നോടുകൂടി ജോലിചെയ്തിട്ടുള്ളൂ. എങ്കിലും അദ്ദേ
ഹത്തെക്കുറിച്ചു എനിക്കു വലിയ മതിപ്പുണ്ടായിട്ടുണ്ട്. ആ
മതിപ്പു മറെറാരു ഈജിപ്ത്കാരനെപ്പററിയും എനിക്കുണ്ടാ
യിട്ടില്ല. പല ഉൽകൃഷ്ട ഗുണങ്ങളും സഗ്ലൂൽപാഷയിൽ
സമ്മേളിച്ചിരിക്കുന്നു. അദ്ദേഹം ഇനിയും വളരെ മുമ്പോ
ട്ടു ചരിക്കുന്നതാണ്. ഭാവിയിൽ ഈജിപ്തിന്റെ ആവശ്യ
ങ്ങളിൽ പലതും അദ്ദേഹത്തിന്റെ കൈക്കു സാധിക്കുന്ന
താണ്." ലാർഡ് ക്രോമറിന്റെ ഈ അഭിപ്രായം അ
ക്ഷരംപ്രതി ശരിയായിരുന്നുവെന്നു ഇപ്പോൾ ലോകം അറി
ഞ്ഞുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിനു ശേഷം ഹൈക
മീഷണറായതു ലാർഡ് കിച്ചനറാണ്. ലാർഡ്കി
ച്ചനർ അവിടെ ചെന്ന ഉടനെ അന്നത്തെ മന്ത്രിസഭ
പിരിച്ചു പുതിയ മന്ത്രിസഭ രൂപീകരിച്ചതിനാൽ സഗ്ലൂ

ലൂൽപാഷയും മന്ത്രിസ്ഥാനത്തുനിന്നു ബഹിഷ്കരിക്കപ്പെട്ടു. ഈജിപ്തിൽ പാർല്ലിമെണ്ട് സ്ഥാപിച്ചുകൊള്ളുവാൻ 1912-ൽ ബ്രിട്ടൻ അനുവാദം നൽകി. സംഗതിവശാൽ 1914 ജനുവരി 22-ാംതീയതിയാണ് പാർല്ലിമെണ്ടിന്റെ പ്രഥമയോഗം കൂടിയതു്. പാർല്ലിമെണ്ടിലെ വൈസ് പ്രസിഡണ്ടുദ്യോഗം സഗ്ലൂലിനു ലഭിച്ചു. ലോകമഹായുദ്ധം ആരംഭിച്ചതോടുകൂടി സഭയെ ഗവർമ്മെണ്ട് നിർത്തിക്കളഞ്ഞ കാലംവരെയും ഈ ഉദ്യോഗവും അദ്ദേഹം പ്രശസ്തമായിനടത്തി. പാർല്ലിമെണ്ട് സമ്മേളനാവസരങ്ങളിൽ അദ്ദേഹം നടത്തിയിരുന്ന പ്രസംഗങ്ങളും വാദപ്രതിവാദങ്ങളും കേൾപ്പാനിടയായ സർവ്വ ജനങ്ങളും അദ്ദേഹത്തെ പ്രശംസിച്ചിരുന്നു. ഈ വിഷയത്തിൽ ഐറോപ്യപാർല്ലിമെണ്ടുകളിലെ ശ്രുതിപ്പെട്ട വാഗ്മികളുമായി കിടപിടിക്കത്തക്ക യോഗ്യത അദ്ദേഹത്തിനു സിദ്ധിച്ചിട്ടുണ്ടായിരുന്നു. ഇങ്ങിനെ പല വിഷയങ്ങളിലും കരുപോലെ യോഗ്യത സമ്പാദിച്ചതുകൊണ്ടായിരുന്നു സഗ്ലൂൽപാഷാ, ഈജിപ്ത്കാരുടെ ഏറ്റവും പ്രിയപ്പെട്ട നേതാവായിത്തീർന്നതു്. അദ്ദേഹത്തിന്റെ മിത്രങ്ങൾ അദ്ദേഹത്തിനുവേണ്ടി ജീവപരിത്യാഗം ചെയ്യാൻ സന്നദ്ധരായിരുന്നുവെങ്കിൽ, ശത്രുക്കൾ ബഹുമാനപുരസ്സരം അദ്ദേഹത്തിന്റെ മുമ്പാകെ കൈകൂപ്പി നില്ക്കുകയും ചെയ്തിരുന്നു.

മഹായുദ്ധകാലത്തു വിവിധ ഇസ്ലാം രാജ്യങ്ങൾക്കെന്നപോലെ ഈജിപ്തിനും വലിയ ആപത്തു നേരിട്ടു.

ഈജിപ്ത് രാജ്യം ബ്രിട്ടനു അധീനമായതു 1882-ലായിരുന്നുവെങ്കിലും, യുദ്ധത്തിനുമുമ്പു നാമമാത്രമായ അധികാരം മാത്രമേ ബ്രിട്ടീഷ്കാക്കു അവിടെ ഉണ്ടായിരുന്നുള്ളു. സങ്കീർണ്ണതകളുടെ നേരേ തുക്കി യുദ്ധപ്രഖ്യാപനം ചെയ്തതോടുകൂടി ബ്രിട്ടൻ ഈജിപ്തിനെ മുറുക്കുവാൻ തുടങ്ങി. അന്നു ഈജിപ്തിൽ രാജാവായിരുന്ന അബ്ബാസ് ഹിൽമീ പാഷാ, തുക്കിയുടെ ഒരു ആപത്തമിത്രമായിരുന്നതിനാൽ ബ്രിട്ടൻ അദ്ദേഹത്തെ പല പ്രകാരേണ ദ്രോഹിക്കുവാൻ ഒരുമ്പെട്ടു. സ്വദേശത്തേയും രാജത്വത്തേയും വലിച്ചെറിഞ്ഞു തുക്കിയിൽ പോകുവാൻ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തെ നിർബ്ബന്ധിതനാക്കി. ആ ആപൽഘട്ടത്തിൽ മൌനം ഭിക്ഷിക്കുന്നതിനു പ്രകൃത്യാ സ്വാതന്ത്ര്യതല്പരനും, ദേശാഭിമാനിയുമായിരുന്ന സഗ്ലൂൽപാഷാ ശക്തനായില്ലെന്നു പറയേണ്ടതില്ലല്ലോ. അദ്ദേഹം അന്നത്തെ രാജ്യകാര്യങ്ങളെക്കുറിച്ചു പത്രങ്ങളിൽ പ്രക്ഷോഭജനകങ്ങളായ ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. ലോകപ്രസിദ്ധനായിരുന്ന മുസ്തഫാകാമിലിന്റെ വിയോഗാനന്തരം, ഒരു നല്ല നേതാവിന്റെ ആഗമനത്തെ ഈജിപ്ത്കാർ കൊതിച്ചുകൊണ്ടിരിക്കയായിരുന്നു. ആ ദേശാഭിമാനികൾക്കു സഗ്ലൂൽപാഷയുടെ ലേഖനങ്ങൾ കണ്ടപ്പോൾ വളരെ മനസ്സമാധാനമുണ്ടായി. അദ്ദേഹം തന്നെയാണ് തങ്ങൾക്കു പറ്റിയ നേതാവെന്നു അവർ തീർച്ചപ്പെടുത്തി. സഗ്ലൂൽപാഷയുടെ ലേഖനങ്ങളാൽ രാജ്യം ഇളകിമറിയുന്നതുകണ്ടു അധികാരസ്ഥന്മാർ ഭയവിഹ്വലരാ

രായി. അവർ പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ തടഞ്ഞുകളഞ്ഞു. തന്നിമിത്തം തന്റെ ശ്രുതികയെ താഴ്ത്തിക്കെട്ടുവാൻ പാഷാ അവർക്കും നിർബ്ബന്ധിതനായി.

എന്നാൽ തുലികാപരിശ്രമം നിന്നു അടങ്ങിയിരിക്കേണ്ടിവന്ന കാലത്തേയും സഗ്ലൂൽപാഷാ നഷ്ടപ്പെടുത്തിയില്ല; തന്റെ വന്ദ്യഗുരുവായിരുന്ന ശൈഖ് മുഹമ്മദ് അബ്ദുയെ അനുകരിക്കുവാൻ ആ സന്ദർഭത്തെ അദ്ദേഹം ഉപയോഗപ്പെടുത്തി. മുഹമ്മദ് അബ്ദുയെ അധികാരസ്ഥന്മാർ ഈജിപ്തിൽ നിന്നു പുറത്താക്കിയ കാലത്ത് അദ്ദേഹം പാരീസിൽ ചെന്നു ഫ്രഞ്ച് ഭാഷ പഠിക്കുകയും, ആ ഭാഷ മുഖേന ഫ്രഞ്ച് ജനാവലിക്ക് ഈജിപ്തിന്റെ നേരെ അനുതാപമുളവാകുകയും ചെയ്തിരുന്നു. സഗ്ലൂൽ പാഷ ഫ്രഞ്ച് ഭാഷ ഇതിനു മുമ്പുതന്നെ പഠിച്ചിരുന്ന വിവരം മിതെ പ്രസ്താവിച്ചിരിക്കുന്നവല്ലോ. ആ കഴിവു കാലത്തെ ജർമ്മൻഭാഷാഭ്യസനത്തിനായിരുന്നു അദ്ദേഹം ഉപയോഗപ്പെടുത്തിയതു്.

യുദ്ധം തുടങ്ങിയപ്പോൾ ബ്രിട്ടീഷുകാർ ഈജിപ്തിൽ ഹുസൈനീപാഷയെ രാജസിംഹാസനത്തിലും, അശദീ പാഷയെ മന്ത്രിപീഠത്തിലും പ്രതിഷ്ഠിച്ചു. ഇതിനെക്കുറിച്ച് അവർ നാട്ടുകാർക്കു നൽകിയ വിളംബരത്തിൽ, ഈജിപ്തുകാർ ബ്രിട്ടീഷ് സൈന്യത്തിന്റെ ഗതാഗതത്തെ തടയാതിരിക്കുന്നപക്ഷം യുദ്ധാവസാനത്തിൽ അവർക്കു സ്വാതന്ത്ര്യം നല്കുന്നതാണെന്നും, ഈജിപ്തിനെ കരുതലോടെ

ന്തു രാജ്യമായി ഗണിച്ചുകൊള്ളുന്നതാണെന്നും വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. ഈ വാഗ്ദാനത്തെ പൂർണ്ണമായി വിശ്വസിച്ചതുകൊണ്ട് ഈജിപ്തുകാർ യുദ്ധകാലത്തു ബ്രിട്ടനോട് മത്സരിക്കുകയുണ്ടായില്ല. നേരെ മറിച്ചു അവർ ബ്രിട്ടനെ സഹായിക്കുകയാണ് ചെയ്തത്. ഈജിപ്തിൽ നിന്നു പത്തുലക്ഷം ആളുകൾ ബ്രിട്ടനെ തുണയ്ക്കുവാനായി സൈന്യത്തിൽ ചേർന്നു. ഈ സംഖ്യ ഈജിപ്തിൽ അക്കാലത്തുണ്ടായിരുന്ന ജനസംഖ്യയുടെ പതിമൂന്നിലൊരു ഭാഗമാണെന്നുള്ളതു പ്രത്യേകം സ്മരണീയമാണ്. എന്നാൽ ഈ വിലയേറിയ സഹായത്തിനു പ്രത്യുപകാരമായി ഈജിപ്തിനു ലഭിച്ചതു് എന്തായിരുന്നു? ബ്രിട്ടീഷുകാർ തങ്ങളുടെ വാഗ്ദാനമനുസരിച്ചു ഈജിപ്തിനു സ്വാതന്ത്ര്യം നൽകുന്നതിനു പകരം അവിടെ പട്ടാളഭരണം നടപ്പാക്കുകയും ദേശീയ പക്ഷങ്ങളുടെ സ്വാതന്ത്ര്യത്തെ തടഞ്ഞുകളയുകയും നാനാവിധമർദ്ദനങ്ങളാൽ നാട്ടുകാരെ സങ്കടപ്പെടുത്തുകയുമാണ് ചെയ്തിരുന്നതെന്നു വായനക്കാർക്കു പുറകെ മനസ്സിലാകുന്നതാണ്.

യുദ്ധം അവസാനിച്ചു സന്ധി നടന്നതിൽപ്പിന്നെ സഗ്ലൂൽപാഷാ ഈജിപ്തിന്റെ സ്വാതന്ത്ര്യത്തിനായി വീണ്ടും പരിശ്രമം തുടങ്ങി. അനേകം ഈജിപ്ത്കാർ ഈ പരിശ്രമത്തിൽ അദ്ദേഹത്തെ അനുഗമിച്ചു. അവർ അദ്ദേഹത്തെ തങ്ങളുടെ സർവ്വ സമ്മതനായ നേതാവായി സ്വീകരിച്ചു. പ്രസിദ്ധൻ വിൽസനാൽ നിർദ്ദേശിക്കപ്പെട്ട

'സങ്കീർഡിട്ടമ്മിനേഷ'നെ (കാരോ രാജ്യത്തിനും അ തിന്റെ ഭരണനിയന്ത്രണത്തിന്ന് അവകാശമുണ്ടെന്നു ള്ള തത്വത്തെ) പ്രവൃത്തിരൂപത്തിൽ കൊണ്ടുവരികയാ ണെന്ന നിലയിൽ ബ്രിട്ടിഷ് ഗവമ്മേണ്ട്, തുക്കിസാമ്രാജ്യ ത്തെ പല വിഭാഗങ്ങളാക്കിത്തീർക്കുകയും, ഓരോന്നിലും വേറെ വേറെ ഭരണം സ്ഥാപിക്കുകയും ചെയ്യുകയുണ്ടായി. വിത്സന്റെ നിർദ്ദേശത്തിനും തങ്ങളുടെ വാഗ്ദത്തത്തിനും മനസരിച്ചു ബ്രിട്ടീഷുകാർ ഈജിപ്തിനു സ്വതന്ത്ര്യം നല്ലു മെന്നു സഗ്ലൂൽപാഷ പ്രതീക്ഷിച്ചിരുന്നു. പക്ഷെ യുദ്ധം അവസാനിച്ചു കുറെകാലം കഴിഞ്ഞിട്ടും അവർ ഈജിപ്തിന്റെ കാര്യത്തിൽ യാതൊന്നും പ്രവർത്തിച്ചുകാ ണാഞ്ഞതിനാൽ തന്റെ പ്രതീക്ഷ ശരിയല്ലെന്നു അദ്ദേഹ ത്തിനു മനസ്സിലായി. ഇതിനെക്കുറിച്ചു ബ്രിട്ടനുമായി ആലോചന നടത്തുവാൻ അദ്ദേഹം തീർച്ചപ്പെടുത്തി. ലണ്ടനിൽപോയി, ബ്രിട്ടൻ ഈജിപ്തു കാര്യത്തിൽ ചെ യ്തിട്ടുള്ള വാഗ്ദാനത്തെ അതിനെ ഓർമ്മപ്പെടുത്തുവാൻ താൻ ഉദ്ദേശിക്കുന്നുവെന്നു 1918 ഒക്ടോബർ 13-ാംനു- ഈജിപ്ത് ഹൈ കമീഷണറായിരുന്ന ജെ. ആർ. വാങ്ക റിനോട് അദ്ദേഹം പ്രസ്താവിച്ചു. ആയവസരത്തിൽ ഹൈ കമ്മിഷണർ അദ്ദേഹത്തിന്റെ അഭിലാഷത്തോട് യോജിക്കുകയുണ്ടായി. എങ്കിലും അദ്ദേഹം യാത്രയ്ക്കു സന്ന ദ്ധനായ അവസരത്തിൽ അദ്ദേഹത്തിന്റെ ഉദ്യമത്തെ ഗവമ്മെണ്ട് തടഞ്ഞു കളയുകയാണുണ്ടായത്.

ഗവൺമെണ്ടിന്റെ ഈ തടസ്സം നിമിത്തം സഗ്ലൂൽ പാഷാ നിരാശനായില്ല. മറേ ഐറോപ്യ രാജ്യങ്ങളിൽ സഞ്ചരിച്ചു ഈജിപ്തിന്റെ അഭിലാഷം ഇന്നതാണെന്നു രാഷ്ട്രീയനേതാക്കന്മാരെ ധരിപ്പിക്കുവാൻ അദ്ദേഹം തീർച്ചപ്പെടുത്തി. അദ്ദേഹം ഈ ആവശ്യാർത്ഥം താൻ ഉൾപ്പെടെ പന്ത്രണ്ട് അംഗങ്ങളടങ്ങിയ ഒരു നിവേദകസംഘം രൂപീകരിച്ചു. എന്നാൽ ഈ ഉദ്യമത്തെയും അധികാരസ്ഥന്മാർ തടഞ്ഞു കളയുകയാണുണ്ടായത്. ഗവൺമെണ്ടിന്റെ വിരുദ്ധമായ ഈ തടസ്സം നിമിത്തം ഈജിപ്തിൽ വലിയ പ്രക്ഷോഭം നടന്നു. നാട്ടുകാർ ഗവൺമെണ്ടിന്റെ നയത്തെ കഠിനമായി ആക്ഷേപിക്കുകയും ഒരാട്ടൽ അനുഷ്ഠിക്കുകയും ചെയ്തു. തദ്വാരാ സ്വാതന്ത്ര്യപ്രസ്ഥാനം പൂർവ്വാധികം ഉജ്ജീവിതമായി. ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരുന്ന പ്രക്ഷോഭത്തെ മർദ്ദനനയംകൊണ്ട് അടക്കിക്കളയാമെന്നുവെച്ചു ഗവൺമെണ്ട് 1919 മാർച്ച് 18-ാംനു സഗ്ലൂൽപാഷയേയും അദ്ദേഹത്തിന്റെ നിവേദകസംഘാംഗങ്ങളായിരുന്ന (വഫ്ദ്കക്ഷി) മുഹമ്മദ് മഹ്മൂദ് പാഷാ, ഇസ്മായീൽ സിദ്ഖിപാഷാ, അഹ്മദ് ഇൽയാസ് പാഷാ ഇവരേയും മാൾട്ടയിലേക്കു നാടുകടത്തി. ഈ സംഭവം ഈജിപ്ത്രാജ്യത്തെ ഒന്നുകൂടി കലക്കിമറിക്കുകയാണുണ്ടായത്. ഗവൺമെണ്ടിന്റെ ഈ പ്രവൃത്തിയെ ഈജിപ്ത്കാർ ഐകകണ്ഠ്യേന പ്രതിഷേധിച്ചു. നായകന്മാരോടുള്ള അതിയായ ഭക്തിയും, ഗവൺമെണ്ടിനെ നേരെയുള്ള കഠിനമായ വെറുപ്പും പല പ്രകാരേ

ണ നാട്ടുകാർ പ്രത്യക്ഷപ്പെട്ടത്തി. പ്രക്ഷോഭങ്ങളേയും, പ്രതിഷേധങ്ങളേയും തടയുവാൻ ഗവൺമെണ്ട പല മാർഗ്ഗങ്ങളും പ്രയോഗിച്ചുനോക്കി. കൊലയും തടവും അവമാനവുമൊക്കെ അക്കാലത്തു ഈജിപ്തിൽ സാധാരണ സംഭവങ്ങളായിരുന്നു. എന്നാൽ ജ്വലിക്കുന്ന അഗ്നിയിൽ എണ്ണവീഴ്ത്തിയാലെന്ന പോലെ മർദ്ദനം നിമിത്തം വിപരീതഫലമാണുണ്ടായിക്കൊണ്ടിരുന്നതു്. മർദ്ദനനയത്തെ പ്രതിഷേധിച്ചുകൊണ്ടു അനേകം ഈജിപ്ത് ഉദ്യോഗസ്ഥന്മാർ രാജിവെച്ചു. തൊഴിലാളികളും പണിമുടക്കുകയും, വിദ്യാർത്ഥികളും പാഠശാലകളിൽ നിന്നു ഇറങ്ങിക്കളയുകയും ചെയ്തു.

ഇങ്ങിനെ വിദ്യാർത്ഥികളുതുടങ്ങി ഗവൺമെണ്ടുദ്യോഗസ്ഥന്മാർവരേയുള്ള സർവ്വജനങ്ങളും ഏകോപിച്ചു പ്രക്ഷോഭം നടത്തിയതുകൊണ്ടു ഗവൺമെണ്ടിനു വലിയ പരാജയം നേരിട്ടു. ഈ അവസരത്തിൽ ചാർഡ് അല്ലൻബി ഹൈകമ്മീഷണറായി ഈജിപ്തിൽ ചെല്ലുകയും, അതോടുകൂടി ഈജിപ്ത് ഗവൺമെണ്ട് മർദ്ദനനയത്തെ പിൻവലിക്കുയും ചെയ്തു. അനന്തരം 1919 ഏപ്രിൽ 7-നു- സഗ്ലൂൽപാഷയും മുൻപ്രസ്താവിച്ച നിവേദകസംഘാംഗങ്ങളായിരുന്ന മറ്റു ദേശഭക്തന്മാരും മോചിതരായി. അതിൽപ്പിന്നെ അവർക്ക് വിദേശസഞ്ചാരത്തിനും അനുവാദം ലഭിച്ചു. അവർ യൂറോപ്പിലും അമേരിക്കയിലും സഞ്ചരിച്ചു തങ്ങളുടെ അഭിലാഷത്തെ ഭംഗിയായി നിറവേറ്റി. അതേ അവസര

ത്തിൽത്തന്നെ ഈജിപ്ത്കാർ സ്വദേശത്തുവെച്ചും സ്വാതന്ത്ര്യപ്രസ്ഥാനത്തെ ഉജ്ജീവിതമായി നടത്തിവന്നു. മദ്ദനം കൊണ്ടു ഈജിപ്ത്കാരെ അടക്കുവാൻ കഴികയില്ലെന്നറിഞ്ഞ ബ്യൂട്ടൻ പിന്നിട് അവരെ ഉപായം പ്രയോഗിച്ചു വശീകരിക്കുവാനാണ് ശ്രമിച്ചത്. ഈജിപ്തിലെ സ്ഥിതികൾ പരിശോധിക്കുകയും നാട്ടുകാരുടെ അഭിലാഷങ്ങളെന്തൊക്കെയാണെന്നു അന്വേഷിച്ചറിയുകയും ചെയ്തു, ഈജിപ്തിന്നു സ്വാതന്ത്ര്യം നൽകുവാനാണെന്നു ഘോഷിച്ചുകൊണ്ട്, ബ്യൂട്ടൻ 1919 നവമ്പർമാസത്തിൽ മിൽനർ പ്രഭുവിന്റെ നായകത്വത്തിൻകീഴിൽ ഈജിപ്തിലേക്കു ഒരു കമീഷനെ അയച്ചു. ഈ കമീഷനെ ബഹിഷ്കരിച്ചുകളയേണ്ടതാണെന്നു പാഷാ അവർകൾ പാരീസിൽനിന്നു അറിവുകൊടുത്തതനുസരിച്ചു ഈജിപ്ത്കാർ ബഹിഷ്കരണത്തിന്നു സന്നദ്ധരായി.

സഗ്ലൂൽപാഷയുടെ ആജ്ഞയനുസരിച്ചു മിൽനർ കമീഷനെ ഈജിപ്ത്കാർ ബഹിഷ്കരിച്ചുകളയുമെന്നു ബ്രിട്ടീഷ്കാർ ഭയപ്പെട്ടു. ഈജിപ്തിന്നു സ്വാതന്ത്ര്യം നൽകുവാനാണ് കമീഷൻ ചെല്ലുന്നതെന്നു അവർ കൊട്ടിഘോഷിച്ചു. തന്നിമിത്തം പാഷാ അവർകൾ തന്നെ അദ്ലി പാഷയോടുകൂടി ലണ്ടനിൽചെന്നു ലാർഡ് മിൽനറുമായി കൂടിക്കാഴ്ചനടത്തി. കമീഷൻമുഖേന ഈജിപ്തിന്നു യാതൊരു ഗുണവുമുണ്ടാകുന്നതല്ലെന്നു അദ്ദേഹത്തിന്നുണ്ടായിരുന്ന വിശ്വാസം ദൃഢീകരിക്കുവാനത്രേ ഈ കൂടിക്കാഴ്ച ഇട

വരുത്തിയുള്ളു. അനന്തരം അദ്ദേഹം ഈജിപ്തിൽ മടങ്ങി ചെന്ന ദേശീയകക്ഷിയുടെ നേതൃത്വം വഹിച്ചു. കമീഷൻ ഈജിപ്തിൽ ചെന്ന ദിവസം നാട്ടുകാർ ഐകകണ്ഠ്യേന ഹർത്തൽ അനുഷ്ഠിച്ചു. സ്ത്രീകളും ഉത്സാഹപൂർവ്വം ഹർത്തലിൽ പങ്കുകൊണ്ടു. അന്തഃപുരവാസികളായ അനേകം സ്ത്രീജനങ്ങളും പുറത്തിറങ്ങി വമ്പിച്ച ഘോഷയാത്രകളും നടത്തി. ഹർത്തൽദിവസം മന്ത്രിമാർ പുറത്തിറങ്ങുന്നതു തടയുവാനായി അവരുടെ വസതികൾക്കു ചുറ്റും മഹിളാസംഘങ്ങൾ പാറാവ് നിന്നു. ഇങ്ങിനെ മിൽനർ കമ്മീഷൻ നിരാശയോടെ മടങ്ങിപ്പോയതിൽപ്പിന്നെ സഗ്ലൂൽപാഷാ സ്വാതന്ത്ര്യപ്രസ്ഥാനത്തെ ഊർജ്ജിതമാക്കുവാനായി ഒരു പുതിയമാർഗ്ഗത്തെ അവലംബിച്ചു. ബ്രിട്ടന്റെ നേരെ സഹകരണത്യാഗം അനുഷ്ഠിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു അദ്ദേഹം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. പാഷാ അവർകളുടെ അനുചരന്മാരിൽ പ്രധാനികളായിരുന്ന പേരെ എട്ടു ദേശീയനേതാക്കന്മാരും അതിൽ ഒപ്പുവെച്ചിട്ടുണ്ടായിരുന്നു. ബ്രിട്ടിഷ് ഗവർമ്മെണ്ടുമായി പൂർണ്ണ സഹകരണത്യാഗം അനുഷ്ഠിക്കേണമെന്നും, ഇംഗ്ലിഷ് ബാങ്കുകളിൽനിന്നു ഈജിപ്തുകാരുടെ പണം മടക്കി വാങ്ങേണ്ടതാണെന്നും, ഇംഗ്ലിഷ് കോടതികളിൽ യാതൊരു കേസ്സും ബോധിപ്പിക്കരുതെന്നും, ബ്രിട്ടിഷ് കപ്പലുകളിലേക്കു ചരക്കു കയറ്റിക്കൊടുക്കുകയോ അവയിൽനിന്നു ഈജിപ്തിൽ ചരക്കു ഇറക്കിക്കൊടുക്കുകയോ ചെയ്യരുതെന്നും, ബ്രിട്ടിഷ് സാമാനങ്ങൾ മുഴുവനും ബഹിഷ്കരിക്കേണ്ടതാണെ

ന്നും പ്രസ്തുതവിജ്ഞാപനംമുഖേന അവർ പൊതുജനങ്ങളോടുപദേശിച്ചു. സഹകരണത്യാഗപ്രസ്ഥാനത്തെ ഊർജ്ജിതമാക്കുവാനായി ഈജിപ്തിലെ പണ്ഡിതകേസരികളായ അമ്പതോളം മഹാന്മാർ ഏകോപിച്ചു ഒരു അഭ്യർത്ഥന പ്രസിദ്ധപ്പെടുത്തി. സഹകരണത്യാഗത്തിന്റെ രസം ഇന്ത്യയിൽനിന്നു ശരിയായി ആസ്വദിച്ചിട്ടുണ്ടായിരുന്ന ബ്രിട്ടീഷ് ഗവർമ്മേണ്ട് ഈ പ്രസ്ഥാനത്തെ മർദ്ദനംകൊണ്ടു അമർച്ചചെയ്യാൻ തക്കം നോക്കിക്കൊണ്ടിരിക്കയായിരുന്നു. നിർഭാഗ്യവശാൽ, ക്ഷുഭിതനായ ഒരു ഈജിപ്ത്കാരൻ, രാത്രി സമയത്തു തെരുവീഥിയിൽകൂടി സഞ്ചരിച്ചിരുന്ന രണ്ടു ബ്രിട്ടീഷ് പട്ടാളക്കാരെ വെടിവെച്ചുകൊന്നു.

ഉടനെത്തന്നെ ലോർഡ് അല്ലന്ബി ഈജിപ്തിൽ പട്ടാളനിയമം പ്രഖ്യാപനം ചെയ്തു. ആവശ്യമെന്നു കാണുമ്പോഴെല്ലാം വെടിവെച്ചുകൊള്ളുവാൻ പട്ടാളക്കാർക്കു അധികാരം നൽകി. കയറോവിലും മറ്റുമായി അനേകം പട്ടാളകോടതികൾ ഉറന്നു. നിസ്സഹകരണം അനുഷ്ഠിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു, സഗ്ലൂൽപാഷയും അനുചരന്മാരും പുറപ്പെടുവിച്ചിരുന്ന മുൻപ്രസ്താവിച്ച വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ സർവ്വപത്രങ്ങളേയും നിർത്തിക്കളഞ്ഞു. കയറോവിൽനിന്നു വേഗം വിട്ടുപോയി സ്വഗ്രാമത്തിൽ താമസിക്കേണ്ടതാണെന്നും, ഗവർമ്മേണ്ടിന്റെ അനുവാദത്തോടുകൂടിയല്ലാതെ അവിടെനിന്നു പോകരുതെന്നും, രാഷ്ട്രീയമായ യാതൊരു പ്രസ്ഥാനത്തിലും പങ്കു

കൊള്ളുവാൻ പാടില്ലെന്നും, കാണിച്ചുകൊണ്ടു പാഷാ അവർകൾക്കു ഉത്തരവ് കൊടുത്തു. ഈ ഉത്തരവിനു പാഷാഅവർകൾ കീഴടങ്ങിയില്ല. ജനങ്ങൾ, തന്നെ ഭരമേല്പിച്ചിട്ടുള്ള പരിശുദ്ധപ്രസ്ഥാനത്തെ നിർത്തൽചെയ്യാൻ തനിക്കു നിവൃത്തിയില്ലെന്നും, അതിനു ജനങ്ങൾക്കു മാത്രമേ അധികാരമുള്ളുവെന്നുമായിരുന്ന അദ്ദേഹം അല്ലമ്പിപ്രഭുവിനു മറുപടി അയച്ചതു്. ഗവർമ്മെണ്ടിന്റെ അന്യായമായ ഈ ഉത്തരവിനെക്കുറിച്ചു വർത്തമാനം കേട്ടകൂട്ടമ്പോൾ പൊതുജനങ്ങൾ സഗ്ലൂൽപാഷയുടെ വസതിക്കരികെ ചെന്നുകൂടി. "സഗ്ലൂൽ ജയിക്കട്ടെ, ഈജിപ്ത് സ്വാതന്ത്ര്യം പ്രാപിക്കട്ടെ," എന്നിങ്ങനെ അവർ ആർത്തുവിളിച്ചു. പോലീസുകാർ അവിടെ ചെന്ന ജനക്കൂട്ടത്തോടു പിരിഞ്ഞുപോകുവാൻ കല്പിച്ചു. പക്ഷെ അവർ വിലവെച്ചില്ല. തന്നിമിത്തം പോലീസ്കാർ ആ ജനക്കൂട്ടത്തിലേക്കു വെടിവെച്ചു. പച്ചക്കും മുറിവ് പറ്റി. രണ്ടാളുകൾ തങ്ങളുടെ പ്രിയനായകന്റെ പേരിൽ സ്വാത്മാക്കളെ അർപ്പിക്കുകയുമുണ്ടായി. അനന്തരം സൈനികഗവർമ്മേണ്ട് പാഷാഅവർകളുടെ വസതിക്കു ചുറ്റും പട്ടാളക്കാരെ പാറാവ് നിർത്തി.

1921 ഡിസമ്പർ 23-ാംനു-ഗവർമ്മെണ്ട്, സഗ്ലൂൽ പാഷയെ അറസ്റ്റ് ചെയ്തു സിലോണിലേക്കു നാടുകടത്തി. സിലോണിൽ ഒരു മാസം മാത്രം താമസിപ്പിച്ചതിൽപ്പിന്നെ അദ്ദേഹത്തെ സിച്ചിലിദ്വീപിലേക്കു കൊണ്ടുപോകു

കയാണുണ്ടായത്. പാഷാ അവർകളെ ഈജിപ്തിൽനിന്നു ബഹിഷ്കരിച്ചാൽ ഈജിപ്ത്കാർ അടങ്ങുമെന്നായിരുന്നു ഗവർമ്മെണ്ട് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ സ്വാതന്ത്ര്യമാഹാത്മ്യത്തെ ആസ്വദിക്കുവാൻവേണ്ടി എന്തു ത്യാഗവും ചെയ്വാൻ സന്നദ്ധരായിരുന്ന ഈജിപ്ത് പൊതുജനങ്ങൾക്കു ഗവർമ്മേണ്ടിന്റെ ഈ പ്രവൃത്തിമൂലം ഒട്ടും നിരാശയുണ്ടായില്ല; നേരേ മറിച്ചു അവർ സ്വാതന്ത്ര്യസമരത്തിൽ ഒന്നുകൂടി ധൈര്യം അവലംബിച്ചു മുന്നോട്ടു ഗമിക്കുകയാണുണ്ടായത്. സഗ്ലൂൽപാഷയുടെ വേർപാടിനുശേഷം അദ്ദേഹത്തിന്റെ ഭാര്യയായ ബീഗംസഫിയ്യയായിരുന്നു നേതൃത്വം വഹിച്ചത്. ബീഗംസഫിയ്യ, സഗ്ലൂലുമായുണ്ടായ ദാമ്പത്യജീവിതത്താൽ വളരെ മനഃസംസ്കാരം സിദ്ധിച്ചവരും, ഈജിപ്ത് മഹിളകളിൽ ചന്ദ്രികയായി ശോഭിക്കുന്നവരുമാകുന്നു. അവർ നേതൃത്വം വഹിച്ചതോടുകൂടി ഭയ്തോവിനെപ്പോലെത്തന്നെ സ്വാതന്ത്ര്യപ്രസ്ഥാനത്തെ ഊർജ്ജിതമാക്കിക്കൊണ്ടിരുന്നു. തന്നിമിത്തം സഗ്ലൂലിനെ നാടു കടത്തിയതുകൊണ്ടു യാതൊരു ഫലവുമുണ്ടായിട്ടില്ലെന്നും നേരേ മറിച്ചു, വിപരീത ഫലമാണുണ്ടായിക്കൊണ്ടിരിക്കുന്നതെന്നും അധികാരസ്ഥന്മാക്കു മനസ്സിലായി. അവർ പട്ടാളനിയമം പിൻവലിക്കുകയും, 1922 മാർച്ച് മാസത്തിൽ ഈജിപ്തിനു സ്വാതന്ത്ര്യം നൽകിയതായി ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതിനു മുമ്പ് ബ്രിട്ടന്റെ കീഴിലുള്ള ഒരു ഖൈസറോയിയുടെ നിലയിലായിരുന്ന ഖൈദിവ് രാജാക്കു

ന്മാർ ഈജിപ്ത്‌രാജ്യം ഭരിച്ചിരുന്നതു്. ഈ സ്വാതന്ത്ര്യ ലബ്ധിയോടുകൂടി ഖുദൈവ്‌രാജാവായ ഫുവാദ് സ്വതന്ത്ര രാജാവാണെന്നു പ്രഖ്യാപനം ചെയ്യപ്പെട്ടു. 1923-ൽ സഗ്‌ലൂൽ പാഷയും മോചിതനായി.

എന്നാൽ ഈ സ്വാതന്ത്ര്യം സഗ്‌ലൂൽപാഷാക്കു തൃപ്തികരമായില്ല. ഈ സ്വാതന്ത്ര്യലബ്ധിയാൽ ഈജിപ്തിനു തുച്ഛമായ ചില അവകാശങ്ങൾമാത്രമേ കിട്ടിയുള്ളൂ. ഈജിപ്തിലുണ്ടായിരുന്ന ബ്രിട്ടിഷ് പട്ടാളക്കാരെ ബ്രിട്ടൻ മടക്കിയിളിക്കുകയുണ്ടായില്ല. അന്യരാജ്യക്കാരുടേയും ന്യൂനപക്ഷക്കാരുടെയും സുരക്ഷയ്ക്കാണെന്നു പറഞ്ഞുകൊണ്ടു ബ്രിട്ടിഷ് പട്ടാളത്തെ അവിടെത്തന്നെ നിർത്തുകയാണുണ്ടായതു്. ധനകാര്യ സംബന്ധമായും നീതിന്യായപരമായും ഈജിപ്ത് ഗവർമ്മെണ്ടിനെ ഉപദേശിക്കുവാനാണെന്നു പറഞ്ഞുകൊണ്ടു ചില ബ്രിട്ടിഷുദ്യോഗസ്ഥന്മാരേയും ബ്രിട്ടൻ അവിടെ പ്രതിഷ്ഠിക്കുകയുണ്ടായി. കൂടാതെ പൂർവ്വകാലംമുതല്ക്കു ഈജിപ്തിന്റെ ഒരു ഭാഗമായി സ്ഥിതിചെയ്യുന്ന സുഡാനിനെ ഈജിപ്തുമായി പിരിച്ചു അടിമത്തശൃംഖലയാൽ ബന്ധിച്ചുകളകയും ചെയ്തു. ഈജിപ്തിനു ലഭിച്ചിരിക്കുന്നുവെന്നു പറയപ്പെടുന്ന സ്വാതന്ത്ര്യം കേവലം നാമമാത്രമാണെന്നും, യഥാർത്ഥ സ്വാതന്ത്ര്യം ഈജിപ്തിനു സിദ്ധിച്ചിട്ടില്ലെന്നുമുള്ള വാസ്തവത്തെ, ബന്ധവിമുക്തനായ ഉടനെത്തന്നെ സഗ്‌ലൂൽ പാഷാ തന്റെ നാട്ടുകാരെ ധരിപ്പിച്ചു. പൂർണ്ണസ്വാത

ന്ത്രം ആസ്ഥാനമാക്കാറാകുന്നതുവരെ താൻ സമരം നിറുത്തുന്നതല്ലെന്നു അദ്ദേഹം പ്രഖ്യാപനം ചെയ്തു. എന്നാൽ പൂർണ്ണ സ്വാതന്ത്ര്യത്തിനു വേണ്ടിമാത്രമായി അകന്നുനിന്നു പൊരുതുന്നതിനു പകരം വേണ്ടത്ര മുഖേന പരിശ്രമിക്കുവാനാണ് അദ്ദേഹം സന്നദ്ധനായതു്. ഔദ്യോഗികമായ പരിശ്രമത്താൽ ഈജിപ്തിന്റെ അവകാശങ്ങൾ വീണ്ടെടുക്കുവാൻ തരം കിട്ടുമെന്നു കരുതി 1924-ാം വർഷാരംഭത്തിൽ സഗ്ലൂൽപാഷാ ഈജിപ്തിലെ പ്രധാനമന്ത്രിയുദ്യോഗം കരസ്ഥമാക്കി. അന്നു ബ്രിട്ടീഷ് ഭരണം സ്ഥിതിചെയ്തിരുന്നതു് തൊഴിലാളിസംഘത്തിന്റെ അധീനത്തിലായിരുന്നതിനാൽ തന്റെ ഉദ്യമം ഒരുപക്ഷെ ഫലപ്പെട്ടുമെന്നു അദ്ദേഹം വിചാരിച്ചു. അദ്ദേഹം ലണ്ടനിൽ ചെന്നു തൊഴിലാളിഗവർമ്മേണ്ടിന്റെ മന്ത്രിയായിരുന്ന റാംസെമക്ഡോണാൾഡുമായി കൂടിക്കാഴ്ച നടത്തി. ബ്രിട്ടൻ ഈജിപ്തിന്റെ മേൽ വെച്ചുകൊണ്ടിരിക്കുന്ന ആധിപത്യത്തെ കൈവിടേണമെന്നും, ബ്രിട്ടീഷ് പട്ടാളക്കാരേയും, ഉദ്യോഗസ്ഥന്മാരേയും ഈജിപ്തിൽനിന്നു മടക്കിവിളിക്കേണമെന്നും, ഈജിപ്തിന്റെ അംഗമായി സ്ഥിതിചെയ്യുന്ന സുദാൻരാജ്യം ഈജിപ്തുഗവർമ്മേണ്ടിനു വിട്ടുകൊടുക്കേണമെന്നും പ്രധാനമന്ത്രിയോടു അദ്ദേഹം ന്യായപൂർവ്വം അപേക്ഷിച്ചു. എങ്കിലും പ്രധാനമന്ത്രിയുടെ മറുപടി നിരാശാജനകമായിരുന്നു. അദ്ദേഹം നൽകിയ മറുപടിയുടെ ചുരുക്കമാണ് താഴെ ചേർക്കുന്നതു്:—

സുവൈസ് തോട് കാത്തുരക്ഷിക്കാതിരിക്കുവാൻ ബ്രിട്ടീഷ് ഗവർമ്മേണ്ടിന്നു നിവൃത്തിയില്ല. അതിനെ രക്ഷിക്കുകയെന്നതിനു, ബ്രിട്ടിഷ് സാമ്രാജ്യത്തെ രക്ഷിക്കുകയെന്നാണ് അർത്ഥം. എങ്കിലും ബ്രിട്ടിഷ് പട്ടാളക്കാർ ഈജിപ്തിന്റെ സ്വാതന്ത്ര്യത്തിൽ ഒരിക്കലും കൈ കടത്തുന്നതല്ലെന്നു ഉറപ്പു തരുന്നതിനു വിരോധമില്ല. സുദാനിൽ സമാധാനം നിലനിർത്തി അതിനെ അഭിവൃദ്ധിപ്പെടുത്തേണമെന്നാണ് ബ്രിട്ടൻ അഭിലഷിക്കുന്നതു്. അതിന്റെ മേൽ ബ്രിട്ടനുള്ള ബാദ്ധ്യതയെ നിറവേറ്റുകയും, അവിടെ ആരംഭിച്ചിട്ടുള്ള പരിഷ്കരണപ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്യിട്ടല്ലാതെ അതിനെ വിട്ടുകളയുവാൻ നിവൃത്തിയില്ല.

ഈ അപ്രതീക്ഷിതമായ മറുവടികേട്ട സഗ്ലൂൽപാഷാ നിരാശയോടെ ഈജിപ്തിലേക്കു മടങ്ങി. അതിനുശേഷം ഫുവാദ് രാജാവുമായി യോജിച്ചു പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. തന്നിമിത്തം അദ്ദേഹം മന്ത്രിസ്ഥാനം രാജിവെച്ചു. അതു 1924 നവമ്പർ 16-ാംനു-യായിരുന്നു. എങ്കിലും അല്പകാലത്തിനുശേഷം അദ്ദേഹം വീണ്ടും ആ ഉദ്യോഗം വഹിച്ചു രാജ്യശുശ്രൂഷയ്ക്കു സന്നദ്ധനായി. അക്കാലത്ത് സുദാനിൽ ഇംഗ്ലിഷുകാരുടെ നേർക്കു വലിയ പ്രക്ഷോഭം നടന്നുകൊണ്ടിരുന്നു. സുദാൻകാർ ഇംഗ്ലിഷുകാരുടെ ആധിപത്യത്തിൽ വെറുപ്പും, ഈജിപ്തുമായി ചേരുന്നതിൽ സന്തോഷവും വെളിപ്പെടുത്തിക്കൊ

ണ്ടിരുന്നു. സുഡാനിൽ ബ്രിട്ടീഷ് ഹൈകമീഷണറായിരുന്ന സർഡാർ ലിസ്റ്റാക്ക് മദ്ധ്യനയത്താൽ അവരെ ഒതുക്കി നിത്തുവാൻ ഉത്സാഹിച്ചു. അവസാനം ക്ഷുഭിതരായ ജനങ്ങൾ സർഡാറിനെ കൊന്നുകളഞ്ഞു. അപ്പോഴേക്കു ബ്രിട്ടീഷ് ഭരണം 'കൺസർവേറിവ് പാർട്ടി'യുടെ കീഴിലായി. മി: ബാൾഡ്വിൻ പ്രധാനമന്ത്രിയുടെ സ്ഥാനത്തു അഭിഷിക്തനായി. അദ്ദേഹം ഈ കൊലയുടെ ഉത്തരവാദിത്വം സഗ്ലൂൽപാഷയുടേയും ഈജിപ്ഷ്യൻറേയും തലയിലാണ് വെച്ചുകെട്ടിയതു്. സർഡാറിൻെറ കൊലയ്ക്കു ഈജിപ്തു ഗവർമ്മേണ്ടു്, ബ്രിട്ടനു അഞ്ചുലക്ഷം പവൻ പിഴ കൊടുക്കേണ്ടതാണെന്നും, സഗ്ലൂൽപാഷാ മന്ത്രിസ്ഥാനം രാജിവെക്കേണമെന്നും, അല്ലാത്തപക്ഷം യുദ്ധത്തിനു ഒരുങ്ങിക്കൊള്ളേണ്ടതാണെന്നും മി: ബാൾഡ്വിൻ ഈജിപ്തു ഗവർമ്മേണ്ടിനു അൾട്ടിമേറ്റം കൊടുത്തു. അതോടുകൂടി ഈജിപ്തിനെ ഭയപ്പെടുത്തേണ്ടതിനു യുദ്ധക്കപ്പലും അയക്കുകയുണ്ടായി. ഈ വിഷമഘട്ടത്തിലും പാഷാ അവർകൾ വളരെ വിവേകപൂർവ്വം പ്രവർത്തിച്ചു. അദ്ദേഹം ഉടനെതന്നെ മന്ത്രിസ്ഥാനത്തുനിന്നു പിന്മാറി.

1925-ൽ ഈജിപ്തിൽ പുതിയ തെരഞ്ഞെടുപ്പ് നടന്നു. അനന്തരം സവാർപാഷയായിരുന്നു മന്ത്രിസഭ രൂപീകരിച്ചതു്. പാർല്ലിമെണ്ട് മെമ്പർമാരിൽ ഭൂരിപക്ഷം തനിക്കാണെന്നാണ് സവാർപാഷാ വിചാരിച്ചിരുന്നതു്. എങ്കിലും മാർച്ച് 23-ാംനു പാർല്ലിമെണ്ടിൻെറ പ്രഥമയോ

ഗംകൂടിയ അവസരത്തിൽ സഗ്ലൂൽപാഷയാണ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടത്. സവാർപാഷാ തെരഞ്ഞെടുപ്പു ശരിയായിട്ടില്ലെന്നു പറഞ്ഞു പാർല്ലിമെണ്ട് പിരിച്ചുവിടുകയും, മെയി 13-ാംനു- പുതിയ തെരഞ്ഞെടുപ്പു നടക്കുന്നതാണെന്നു പരസ്യപ്പെടുത്തുകയും ചെയ്തു. രണ്ടാമത്തെ തെരഞ്ഞെടുപ്പുഫലവും തനിക്കു അനുകൂലമായിക്കലാശിക്കുകയില്ലെന്ന ഭയം നിമിത്തം ഒടുവിൽ ഈ പരസ്യത്തെ അദ്ദേഹം ഉപ്പിലപ്പെടുത്തുകയാണുണ്ടായത്. തെരഞ്ഞെടുപ്പുവ്യവസ്ഥയെ പരിഷ്ക്കരിക്കുന്നതാണെന്നും, അതിൽപ്പിന്നെ തെരഞ്ഞെടുപ്പ് നടത്തുന്നതാണെന്നുമായിരുന്നു പിന്നീടുണ്ടായ പരസ്യം. സവാർപാഷയുടെ ഈ നയം ന്യായവിരുദ്ധമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. സഗ്ലൂൽപാഷാ ഒടുവിൽ സവാർപാഷയുടെ പ്രവൃത്തി നിയമവിരുദ്ധമാണെന്നു തെളിയിക്കുകയും, നവമ്പർ 21-ാംനു- തന്റെ പാർട്ടിയിലുണ്ടായിരുന്ന അംഗങ്ങളെ ക്ഷണിച്ചു പാർല്ലിമെണ്ട് യോഗം നടത്തുകയും ചെയ്തു. ഗവമേണ്ട് കരുവിധത്തിലും അദ്ദേഹത്തിന്റെ ഉദ്യമത്തെ തടസ്സപ്പെടുത്തിയില്ല. അവസാനം സവാർപാഷാ നിരാശയോടെ മന്ത്രിസ്ഥാനം ഉപേക്ഷിക്കുകയാണുണ്ടായതു്. അനന്തരം സർവത്ത്പാഷാ മന്ത്രിസഭ രൂപീകരിച്ചു. സഗ്ലൂൽപാഷ തന്നെ പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു. ഇങ്ങിനെ സഗ്ലൂൽപാഷാക്ക് ഭരണകാര്യങ്ങളിൽ വേണ്ടുവോളം അവകാശം സിദ്ധിച്ചതിനാൽ സർവത്ത്പാഷാ അദ്ദേഹവുമായി ആലോചിച്ചും അദ്ദേ

ഫത്തിന്റെ അഭിപ്രായമനുസരിച്ചുമായിരുന്നു ഭരണം നടത്തിയിരുന്നത്. ഈജിപ്തിലെ ബ്രിട്ടീഷ് പ്രതിനിധിയായ സർ ജോഴ്ജ് ലോയിഡും കായ്മായ വിഷയങ്ങളിലെല്ലാം അദ്ദേഹവുമായി ആലോചിക്കുക പതിവായിരുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം തന്റെ ആയുഷ്ക്കാലത്തെ മുഴുവനും ഈജിപ്തിന്റെ സ്വാതന്ത്ര്യത്തിനും, ഈജിപ്തുകാരുടെ ക്ഷേമത്തിനുമായി വിനിയോഗിച്ച ആ മഹാ പുരുഷൻ സഅ്ദ് സഗ്ലൂൽപാഷാ 1927 ആഗസ്ത് 24-ാംനു- പരലോകം പ്രാപിച്ചു. ഒരു നേതാവിനു ആവശ്യമായ സകലവിധ സൽഗുണങ്ങളും സഗ്ലൂൽ പാഷക്കുണ്ടായിരുന്നു. സ്വാതന്ത്ര്യതല്പരത എന്നതു അദ്ദേഹത്തിനു പ്രകൃത്യാ ലഭിച്ചിരുന്ന ഒരു ഗുണമായിരുന്നു; രാജ്യസേവനത്തിലും പൊതുജന ശുശ്രൂഷയിലും ജീവപരിത്യാഗം ചെയ്യാൻ അദ്ദേഹത്തെപ്പോലെ സന്നദ്ധരായ ആളുകൾ ലോകത്തിൽ അധികമുണ്ടായിട്ടില്ലെന്നു നിർവ്വിശങ്കം പറയാവുന്നതാണ്. സുശീലനും ഈജിപ്തിലെ പതിനാലു മില്യൻ ജനങ്ങളുടെ സ്നേഹബഹുമാനങ്ങൾക്കു സർവ്വോപരി പാത്രീഭവിച്ച ഒരു മഹാനുമായിരുന്ന അദ്ദേഹം. അദ്ദേഹത്തെ മുസ്ലിംകൾ മാത്രമല്ലാ നേതാവായി സ്വീകരിച്ചിരുന്നതു; ഈജിപ്തിലെ സർവ്വ സമുദായങ്ങളും അദ്ദേഹത്തെ തങ്ങളുടെ ഏകനേതാവായി വരിച്ചിരുന്നു. ഈജിപ്തുകാർക്കു അദ്ദേഹത്തിന്റെ മേലുള്ള നിസ്സീമമായ ഭക്തിയെ അവർ പല പ്രകാരേണ ഇപ്പോഴും പ്രകടിപ്പി

ച്ചുവരുന്നു. അദ്ദേഹത്തിന്റെ മാതൃകാപാതാകയെ പിന്തു
ടർന്നു ഈജിപ്തിന്നു പൂർണ്ണ സ്വാതന്ത്ര്യം സമ്പാദിക്കുവാൻ
അമർ ഇന്നും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

യുവലോകം

കേരളമുസ്ലിംകളുടെ പ്രത്യേകിച്ചു യുവജനങ്ങളുടെ അഭിവൃദ്ധിയെ പക്ഷംപ്രതി പ്രസിദ്ധപ്പെടുത്തിവരുന്ന ഒരു വിശിഷ്ടമലയാളപത്രം. മഹാന്മാരുടെയും മഹതികളുടെയും ജീവചരിത്രങ്ങൾ, സാമുദായികവും മതപരവുമായ ലേഖനങ്ങൾ, ഇസ്ലാമിക കായ്ങ്ങളേയും, ഇസ്ലാംലോകപരിവർത്തനങ്ങളേയും പരാമർശിച്ചുകൊണ്ടുള്ള മുഖപ്രസംഗങ്ങൾ, ഓരോ പക്ഷത്തിലും നടക്കുന്ന പ്രധാനവർത്തമാനങ്ങൾ ഇവ യുവലോകത്തിൽ പതിവായി ഉണ്ടായിരിക്കുന്നതാണ്. വരിസംഖ്യ കൊല്ലത്തിൽ 3-ക. മാത്രം. മണ്ണാ വേണമെന്നു നിർബ്ബന്ധമുണ്ട്.

ഇസ്ലാംചരിത്രഗ്രന്ഥങ്ങൾ.

1.	റസൂൽകരീം (രണ്ടാംപതിപ്പ്)	1—4—0
2.	ഖുലഫാഉർറാശിദീൻ ,,	1—4—0
	,, ഒന്നാം ഖലീഫ	0—5—6
	,, രണ്ടാം ഖലീഫ	0—5—6
	,, മൂന്നാം ഖലീഫ	0—5—6
	,, നാലാം ഖലീഫ	0—5—6
3.	ബനൂഉമയ്യാഖലീഫമാർ	1—4—0
4.	നജ്ദ്സുൽത്താന്മാർ	1—6—0
5.	സ്പെയിനിന്റെ ചരിത്രം	0—4—0
6.	നാല് ഇമാമുകൾ	0—4—0
7.	ജമാലുദ്ദീൻ അഫ്ഗാനിയും, രണ്ട് പിൻഗാമികളും.	0—6—0
8.	ഖിലാസത്തുത്താരീഖിൽ ഇസ്ലാമിയ്യാ (അറബിമലയാളം)	0—6—0
9.	ഖിലാസത്തുസ്സിറത്തിന്നബവിയ്യ ,,	0—5—0

മാനേജർ,

യുവലോകം, കോഴിക്കോട്.